# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## തച്ചമ്പാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ(പി.കെ.ഡി) പി 25/1586/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 25/11/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തച്ചമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ(പി.കെ.ഡി) പി 25/1586/23 തീയ്യതി: 25/11/2023

# പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-09-2022 മുതൽ 24-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ.വി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 25-09-2023 | 06-10-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-09-2023 | 06-10-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബിജു ആന്റണി.യു, ഓഡിറ്റ് ഓഫീസർ
ശ്രീമതി.രാജിഷ.ആർ , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷഹീർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.കന്തസ്വാമി.ഐ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഒ.നാരായണൻകുട്ടി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീദേവി അമ്മ.പി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അനിത.ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 04-05-2022 |
| ശ്രീ.ജിബുമോൻ.ഒ | അസിസ്റ്റന്റ് സെക്രട്ടറി | 05-05-2022 | 20-10-2022 |
| ശ്രീമതി.മായ.എൽ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 21-10-2022 | 31-03-2023 |
| ശ്രീ.അജീഷ് കുമാർ.പി.ആർ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീലത.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.അനീഷ് നാരായണൻ | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.അജി.എസ്.ആനന്ദ് | കൃഷി ഓഫീസർ | 01-04-2022 | 10-10-2022 |
| ശ്രീമതി.അർച്ചന | കൃഷി ഓഫീസർ | 11-10-2022 | 08-11-2022 |
| ശ്രീ.സച്ചിൻ | കൃഷി ഓഫീസർ | 09-11-2022 | 31-03-2023 |
| ശ്രീമതി.സജിത.ടി.എസ് | അസിസ്റ്റന്റ് എൻജീനിയർ | 01-04-2022 | 01-10-2022 |
| ശ്രീ.സേതു | അസിസ്റ്റന്റ് എൻജീനിയർ | 02-10-2022 | 17-11-2022 |
| ശ്രീമതി.സ്മിത.കെ | അസിസ്റ്റന്റ് എൻജീനിയർ | 18-11-2022 | 07-02-2023 |
| ശ്രീ.മുഹമദ് റാഫത്ത് | അസിസ്റ്റന്റ് എൻജീനിയർ | 08-02-2023 | 31-03-2023 |
| ശ്രീ.രാജേഷ്.എസ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 30-01-2023 |
| ശ്രീ.ദേവദാസ്.സി.ആർ | ഫിഷറീസ് ഇൻസ്പെക്ടർ | 31-01-2023 | 31-03-2023 |
| ഡോ.അഞ്ജലി മാത്യൂ | മെഡിക്കൽ ഓഫീസർ ,PHC | 01-04-2022 | 05-11-2022 |
| ഡോ.ബിനോയ് ബാബു | മെഡിക്കൽ ഓഫീസർ ,PHC | 06-11-2022 | 31-01-2023 |
| ഡോ.അഞ്ജലി മാത്യൂ | മെഡിക്കൽ ഓഫീസർ ,PHC | 01-02-2023 | 31-03-2023 |
| ഡോ.അപർണ്ണ.വി | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.വനജ.പി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പദ്ധതികളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിച്ചിട്ടില്ല | 1-1-2 |
| 4 | അടിസ്ഥാന അനുപാതങ്ങൾഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-4 |
| 6 | ബാങ്ക് അക്കൗണ്ട് ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ചെക്ക് നിക്ഷേപിച്ചു ബാങ്കിൽ വരവു വന്നിട്ടില്ല | 1-1-7 |
| 9 | വാർഷിക കണക്കിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്ത തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ലോൺ രജിസ്റ്റർ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | അഡ്വാൻസ് രജിസ്റ്ററിലെ തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | CFC BASIC Grant എ.സി.ആർ നീക്കിയിരിപ്പ് മൈനസ് ആണ് | 1-1-11 |
| 13 | മുൻ വർഷത്തെ ബലൻസ് ഷീറ്റ് പ്രകാരമുള്ള ബാധ്യതകൾ തൻ വർഷത്തെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി - | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം - അവലോകനം | 1-11 |
| 24 | വസ്തു നികുതി പരിഷ്കരണം-അവലോകനം | 1-12 |
| 25 | വസ്തുനികുതി കുറവായി നിർണ്ണയിച്ചതിനാൽ നഷ്ടം | 1-13 |
| 26 | മൊബൈൽ ടവർ വസ്തുനികുതി നിർണ്ണയിച്ചത്- രേഖകൾ ഹാജരാക്കിയില്ല | 1-14 |
| 27 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 1-15-0 |
| 28 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. | 1-15-1 |

| | | |
|---|---|---|
| 29 | ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല | 1-15-2 |
| 30 | ലൈവ്സ്റ്റോക്ക് ഫാമുകൾ- രേഖകൾ ഹാജരാക്കിയിട്ടില്ല | 1-15-3 |
| 31 | തൊഴിൽ നികുതി-അപാകതകൾ | 1-16-0 |
| 32 | സ്ഥാപന തൊഴിൽ നികുതി പിരിച്ചെടുത്തില്ല | 1-16-1 |
| 33 | സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-16-2 |
| 34 | സോളാർ പാനൽ - പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതാണ് | 1-17 |
| 35 | മുൻ വർഷങ്ങളിൽ നിർവഹണം കഴിഞ്ഞശേഷം തൻവർഷം തുക വകയിരുത്തി തനതു ഫണ്ടിലേക്ക് തുക റീകൂപ്പ് ചെയ്തു | 1-18 |
| 36 | ഹരിത കർമ്മസേനക്ക് വാഹനം വാങ്ങൽ -ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-19 |
| 37 | സാക്ഷരത തുല്യതാ പരീക്ഷാ നിർവഹണം - അപാകതകൾ | 1-20 |
| 38 | കൊട്ടത്താമല അംഗണവാടി കെട്ടിട നിർമ്മാണം വിനിയോഗ വിവരം ലഭ്യമായില്ല | 1-21 |
| 39 | തെരുവുവിളക്ക് പരിപാലനം | 1-22 |
| 40 | ഗുണഭോക്താവിന്റെ മരണശേഷവും സ്റ്റാറ്റസ് ആക്ടീവ് ആയി തുടരുന്നു | 1-23 |
| 41 | ഹോമിയോപതി മരുന്നുകൾ ലഭ്യമായില്ല | 1-24 |
| 42 | റൂം ഫോർ റിവർ പദ്ധതി- തുകയുടെ വിനിയോഗ വിവരം ലഭ്യമായില്ല | 1-25 |
| 43 | തെരുവുവിളക്ക് പരിപാലനം കരാറുകാരന് നൽകിയ തുകക്ക് ബില്ലുകൾ സമർപ്പിച്ചില്ല | 1-26 |
| 44 | SLBP-വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല | 1-27 |
| 45 | പ്രവൃത്തികൾക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് ചമച്ചില്ല | 1-28 |
| 46 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുക അടവാക്കിയിട്ടുണ്ട്. | 1-29 |
| 47 | ഇ-ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല | 1-30 |
| 48 | പ്രവൃത്തിയിൽ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ പ്രവൃത്തി പൂർത്തീകരണം വൈകി | 1-31 |
| 49 | പ്രോജക്ടുകളിൽ സബ്സിഡി മാർഗനിർദേശങ്ങൾ പാലിച്ചിട്ടില്ല | 1-32 |
| 50 | മരുന്ന് വാങ്ങൽ പദ്ധതി - കാലാവധി കഴിഞ്ഞ മരുന്നുകൾ സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുന്നു | 1-33 |
| 51 | കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സാ സഹായം - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-34 |
| 52 | ഹരിത കർമ്മസേനയുടെ പ്രവർത്തനം - അവലോകനം | 1-35 |
| 53 | ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു | 1-36 |
| 54 | വനിതാ കാന്റീനിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ - പദ്ധതി ലക്ഷ്യം | 1-37 |

| | | |
|---|---|---|
| | പൂർത്തീകരിച്ചിട്ടില്ല | |
| 55 | പി എച്ച് സിക്ക് കമ്പ്യൂട്ടർ വാങ്ങൽ - അപാകങ്ങൾ | 1-38 |
| 56 | സാന്ത്വന പരിചരണ പദ്ധതി - പരിഷ്കരിച്ച സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-39 |
| 57 | പ്രവർത്തനം ആരംഭിക്കാത്ത ബഡ്സ് സ്കൂളിലേക്ക് ആവശ്യകത വിലയിരുത്താതെ ഫർണ്ണീച്ചർ വാങ്ങി | 1-40 |
| 58 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-41 |
| 59 | പാലക്കയം മാവേലി സ്റ്റോർ -ഫർണിഷിംഗ് പ്രവൃത്തികൾക്ക് തുക നൽകിയത് അംഗീകരിക്കുന്നില്ല | 1-42 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യപത്രിക | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 സംയുക്ത പദ്ധതികളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സംയുക്ത പദ്ധതികളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. അതിനാൽ വാർഷിക കണക്കിൽ (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4) രേഖപ്പെടുത്തിയ പ്രസ്തുത വിവരങ്ങളുടെ നിജസ്ഥിതി പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ, 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച്. 24/07/23 തീയതിയിലെ 2/1 നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 13.09.23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ** 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തിയതി : 25.11.2023

ഡെപ്യൂട്ടി ഡയറക്ടർ

**1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിച്ചിട്ടില്ല**

ബാലൻസ് ഷീറ്റിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി ILGMS സോഫ്റ്റ്വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല. 2021-22 വർഷത്തിൽ അങ്കണവാടിക്കായി സ്ഥലവും 2022-23 കാലയളവിൽ ഹരിതകർമ്മസേനയ്ക്ക് വാഹനവും വാങ്ങിയിട്ടുണ്ട്. മേൽ പറഞ്ഞവ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

**1-1-3 അടിസ്ഥാന അനുപാതങ്ങൾഉൾപ്പെടുത്തിയിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം താഴെ പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

സി) ചട്ടം 62(3) – മുൻ വർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല

**1-1-4 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.**

സർക്കാർ/മറ്റു ാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

**1-1-5 ബാങ്ക് അക്കൗണ്ട് ഉൾപ്പെടുത്തിയിട്ടില്ല**

2021-22 വർഷത്തെ വാർഷിക വരവു ചെലവു പത്രികയിലെ 40(b)യിൽ കിടക്കുന്ന താഴെ സൂചിപ്പിക്കുന്ന ഗ്രാമ പഞ്ചായത്ത് അക്കൗണ്ട് ക്ളോസ് ചെയ്തിട്ടില്ല. 2022-23ലെ 40(a) പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

A) ഹെൽത്ത് ഗ്രാന്റ് -കനറാ ബാങ്ക്, കാരാകുറിശ്ശി

A/C No 110048039041

**1-1-6 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net

Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2154949.00 രൂപയാണ്.എന്നാൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7304828.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-7 ചെക്ക് നിക്ഷേപിച്ചു ബാങ്കിൽ വരവു വന്നിട്ടില്ല**

ബാങ്ക് അക്കൗണ്ടിന്റെ(KGB-തനതുഫണ്ട് -(40376101007329)) റീകൺസീലിയേഷൻ പത്രിക പ്രകാരം 2142/- രൂപ "Cheques Deposited But Not Cleared" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ ഉൾപ്പെടുന്നു.

**1-1-8 വാർഷിക കണക്കിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്ത തുകകളും പൊരുത്തപ്പെടുന്നില്ല**

വസ്തുനികുതി (സഞ്ചയ)
ജീവനക്കാരുടെ തൊഴിൽ നികുതി
തൊഴിൽ നികുതി - സ്ഥാപനങ്ങൾ, ട്രേഡേഴ്സ്
പെർമിറ്റ് ഫീ
വാടക
ഡി&ഒ ലൈസൻസ്

**1-1-9 ലോൺ രജിസ്റ്റർ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല**

രജിസ്റ്റർ പ്രകാരം KURDFC വായ്പ ബാലൻസ് നിൽക്കുന്ന തുക 22099545/- രൂപയാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം ബാലൻസ് തുക 20499545/- രൂപയാണ്. വ്യത്യാസം വരാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

**1-1-10 അഡ്വാൻസ് രജിസ്റ്ററിലെ തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല**

A) ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക 140000/-(RP-49(P)), റീ കൂപ്പ് ചെയ്തത് 136000/- ആണ്. എന്നാൽ RP49(R) ൽ 36000/- മാത്രമേ കാണിച്ചിട്ടുള്ളൂ. വ്യത്യാസം ക്രമീകരിച്ചിട്ടില്ല. നിലവിൽ ബാലൻസ് ഷീറ്റ് പ്രകാരം തിരികെ ഈടാക്കാനുള്ള തുക 4000/- രൂപ ഈടാക്കാത്തതിനു കാരണം വ്യക്തമാക്കിയിട്ടില്ല.

B) റൂം ഫോർ റിവർ പദ്ധതിക്കുവേണ്ടി ചെറുകിയ ജലസേചന വകുപ്പിന് അഡ്വാൻസായി നൽകിയ തുകക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ബാലൻഷീറ്റിൽ ADVANCE TO IMOLEMENTING OFFICERS ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.
C) പ്രേരക് ഓണറേറിയം

**1-1-11 CFC BASIC Grant എ.സി.ആർ നീക്കിയിരിപ്പ് മൈനസ് ആണ്**

CFC BASIC Grant 255952/-രൂപ വരവിൽ ഉൾപ്പെടുത്താതെ ചെലവിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ നീക്കിയിരുപ്പ് മൈനസാണ്.

**1-1-12 മുൻ വർഷത്തെ ബലൻസ് ഷീറ്റ് പ്രകാരമുള്ള ബാധ്യതകൾ തൻ വർഷത്തെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല**

മുൻവർഷത്തെ ബാലൻസ് ഷീറ്റിലെ 3, 4 ഹെഡിലെ നീക്കിയിരിപ്പു തുകകൾ മുഴുവനായും തൻ വർഷത്തെ ട്രയൽ ബാലൻസിൽ മുന്നിരിപ്പായി വന്നിട്ടില്ല.

## 1-2 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

21.03.2022-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നമ്പർ 1(1) പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 2787445 |
| പ്രതീക്ഷിത വരവ് | 166388455 |
| ആകെ വരവ് | 169175900 |
| ചെലവ് | 168196200 |
| നീക്കിയിരിപ്പ് | 979700 |

തുടർന്ന് 26.03.2023 തിയ്യതിയിലെ തീരുമാനം നം. 1/1പ്രകാരം 2022-23 വർഷത്തെ ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രാരംഭ ബാക്കി | 1194980 |
| തൻവർഷം വരവ് | 232872374 |
| ആകെ വരവ് | 234067354 |
| ചെലവ് | 233412031 |
| നീക്കിയിരിപ്പ് | 655323 |

പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായി കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7768283 |
| വരവ് | 30711778 |
| ആകെ | 38480061 |
| ചെലവ് | 28556829 |
| നീക്കിയിരിപ്പ് | 9923232 |

## 1-4 ഫണ്ട് വിനിയോഗം

| | ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ |
|---|---|---|---|---|---|---|

| | | | | | ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (*) | 0 | 25989000 | 25989000 | 22418062 | 3570938 (ലാപ്സ്ഡ് തുക) |
| വികസന ഫണ്ട് - എസ്.സി.പി (**) | 0 | 5555000 | 5555000 | 5731309 | 176309 (ലാപ്സ്ഡ് തുക) |
| വികസന ഫണ്ട് - ടിഎസ്.പി | 0 | 637467 | 637467 | 637467 | 0 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 4893000 | 4893000 | 2388920 | 2504080 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 5102000 | 5102000 | 5012062 | 89938 |
| സി.എഫ്.സി-അൺ ടൈഡ് ഗ്രാന്റ്-New | 1270728 | 3534096 | 4804824 | 3611958 | 1192866 (ബാങ്കിൽ) |
| സി.എഫ്.സി-അൺടൈഡ് ഗ്രാന്റ്-Spillover | 0 | 8706 | 8706 | 0 | 8706(ലാപ്സ് ആയി) |
| സി.എഫ്.സി-ടൈഡ് ഗ്രാന്റ്-Spillover | | 806449 | 806449 | 806449 | 0 |
| സി.എഫ്.സി-ടൈഡ് ഗ്രാന്റ്-New | 2263842 | 5033000 | 7296842 | 3662234 | 3634608 (ബാങ്കിൽ) |
| ആയുർവ്വേദം ഹെൽത്ത് ഗ്രാന്റ് | 0 | 450000 | 450000 | 0 | 450000 |
| ഹെൽത്ത്ഗ്രാന്റ് | 0 | 239640 | 239640 | 0 | 239640 |
| ഹെൽത്ത് ഗ്രാന്റ് | 0 | 111570 | 111570 | 0 | 111570 |

**<u>കേന്ദ്രാവിഷ്കൃതം</u>**

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 0 | 1071376 | 1071376 | 387536 | 683840 |

2. സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 43197 | 0 | 43197 | 0 | 43197 |
| സമ്പൂർണ്ണ ശുചിത്വം | 492493 | 347900 | 840393 | 347900 | 492493 |

3. തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9 | 896,895 | 896904 | 896216 | 688 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 34917966 | 34917966 | 34917966 | 0 |
| ആകെ | 9 | 35814861 | 35814870 | 35,814,182 | 688 |

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 2683626 /-രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ ചെലവിൽ ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 304174/-രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - SCP ചെലവിൽ ഉൾപ്പെട്ടിട്ടില്ല.

മറ്റ് അപാകതകൾ

1) ബാലൻസ് ഷീറ്റിലെ B-4 ൽ അവശേഷിക്കുന്ന Development Fund CFC-Basic + ടൈഡ് ഫണ്ടുകളിലെ തുകകൾ (4827474/-)B-17 ഉം RP-4(b) യിലെ നീക്കിയിരുപ്പുമായി (4834925.87)പൊരുത്തപ്പെടുന്നില്ല.

2) വാർഷിക ധനകാര്യ പത്രിക I-6 പത്രികയിൽ വികസന ഫണ്ട് ജനറൽ ചെലവ് തുക 19854781/- ആണ്. ജി.ഒ പ്രൊജക്ട് ഉറവിടത്തിൽ നിന്ന് ഡിഡക്ട് ചെയ്ത തുക കുറവ് ചെയ്ത തുകയാണ് ചെലവായി AFSകാണിച്ചിരിക്കുന്നത്.B-3 യിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷനായി ഡിഡക്ട് ചെയ്ത തുക ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ വികസന ഫണ്ട് ടി.എസ്.പി (581668/-) I-6 പത്രികയിൽ ജി.ഒ പ്രൊജക്ട് ഉറവിടത്തിൽ നിന്ന് ഡിഡക്ട് ചെയ്യുന്നത് കൂട്ടിയുള്ള തുകയാണ് ചെലവായി AFSകാണിച്ചിരിക്കുന്നത്.

3)വാർഷിക ധനകാര്യ പത്രിക I-6 പത്രികയിൽ വികസന ഫണ്ട് Scp ചെലവ് തുക 5109634/- ആണ്. ആയതിൽ ജി.ഒ പ്രൊജക്ട് ഉറവിടത്തിൽ നിന്ന് ഡിഡക്ട് ചെയ്തിട്ടുണ്ട്.ACRപ്രകാരം ചെലവ് തുക 4566724/- ആണ്.

4)വികസന ഫണ്ട് ടി.എസ്.പി ,മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ചെലവ് തുകകൾ AFS ഉം ACR ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 189 | 131348507 | 148 | 49117095 | 0 | 41 | 78.3% |

അംഗീകാരം ലഭ്യമായ പ്രോജക്റ്റുകളിൽ 78.3% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 37.3 തുക തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം എന്നിവ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 2584410 | 2152355 | 83.2 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 3780000 | 3412599 | 90.2 |
| മെഡിക്കൽ | 8 | 6 | 2340167 | 1706069 | 72.9 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ-പി.എച്ച്.സി | | | | | |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 6 | 6 | 1275940 | 1266033 | 99.2 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16 | 12 | 64140483 | 10053753 | 15.6 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 11 | 6505000 | 4727050 | 72.6 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1831074 | 1078512 | 58.9 |
| സെക്രട്ടറി | 47 | 40 | 14978254 | 9537454 | 63.6 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 72 | 47 | 32335976 | 13635369 | 42.16 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 11 | 1577203 | 1547901 | 98.14 |
| ആകെ | 189 | 148 | 131348507 | 49117095 | 37.3 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

**1-6 തൊഴിലുറപ്പ് പദ്ധതി -**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9 | 896,895 | 896904 | 896216 | 688 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 34917966 | 34917966 | 34917966 | 0 |
| ആകെ | 9 | 35814861 | 35814870 | 35,814,182 | 688 |

**1-7 ക്ഷേമ പദ്ധതികൾ**

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1608000 | 123 |
| വിധവാ പെൻഷൻ | 11855000 | 981 |
| വാർദ്ധക്യകാല പെൻഷൻ | 27401800 | 2218 |
| വികലാംഗ പെൻഷൻ | 2863800 | 223 |
| അവിവാഹിത പെൻഷൻ | 404800 | 34 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 3 |

**1-8 ക്യാഷ് പരിശോധന**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.09.2023 ന് സ്ഥാപനത്തിലെ സീനിയർ ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തി. 14038/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല.

എല്ലാ പേമെന്റുകളും വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ബില്ലുകളുടെ പകർപ്പുകൾ സൂക്ഷിക്കുന്നുണ്ട്.വൗച്ചറുകളിൽ പലതിലും സെക്രട്ടറി ഒപ്പിട്ട് ആധികാരിമാക്കിയിട്ടില്ല.

ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിൽ ശ്രദ്ധചെലുത്തുന്നുണ്ട് എങ്കിലും ആസ്തി രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ വരവു ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലേക്കാവശ്യമായ ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങുമ്പോൾ ആവശ്യകത മുൻകൂട്ടി കണക്കാക്കി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് ബന്ധപ്പെട്ട സെക്ഷൻ കൈറാൻ ശ്രദ്ധിക്കേണ്ടതും നൽകിയ തുകയ്ക്കുള്ള ഉപകരണങ്ങൾ പഞ്ചായത്തിൽ ലഭ്യമാകുന്നുണ്ടോ എന്നുറപ്പു വരുത്തേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.01.23 | നവംബർ ഡിസംബർ 2022 | 15.1.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.02.2014 | 2010-11 വർഷം സപ്ളിമെന്ററി ഓഡിറ്റ് | 28.03.14 |

30-06-2016 തീയതിയിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2011-12 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലെ ദുരന്ത നിവാരണ മാനേജ്മെന്റ് പെർഫോമൻസ് ഓഡിറ്റ് നടത്തിയിട്ടുണ്ട്.

## 1-11 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം - അവലോകനം

1. തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്ട്സ് പരിശോധനയിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും കണ്ടെത്താനായില്ല. ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത

സമയത്തിനകം സമാഹരിച്ചിട്ടുണ്ടെന്നും മുൻ വർഷത്തെ യഥാർത്ഥ വരവുകളെ/ ചെലവുകളെ അടിസ്ഥാനമാക്കിയാണോ ബജറ്റ് നിർദ്ദേശത്തിലെ വരവ് ചെലവുകൾ കണക്കാക്കുന്നതെന്നും ചെലവുകൾ ബജറ്റിന് വിധേയമാണെന്നും ഉറപ്പുവരുത്തിയിട്ടില്ല.

2. മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടുള്ളതായി മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല.

3. മാസംതോറും ഉള്ള വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ചർച്ചചെയ്ത് അംഗീകരിച്ചുവരുന്നുണ്ട്.

4. സ. ഉ(കൈ)നം.117/2022/LSGD തീ: 01.06.2022 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും അവതരിപ്പിക്കേണ്ടതാണെങ്കിലും നിലവിൽ ഇത്തരം അവലോകനങ്ങൾ നടത്തിവരുന്നില്ല.

5. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ സ.ഉ(കൈ)നം.84/2022/ തസ്വഭവ/19.04.2022 ഖണ്ഡിക 3.4.2 പ്രകാരം (വാർഷിക പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പങ്ക്) പദ്ധതിയുടെ വിഭവസ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ യുക്തിസഹമായി നിശ്ചയിക്കുക, പദ്ധതി കണക്കുകൾ കൃത്യമായും ചിട്ടയായും തയ്യാറാക്കുക, പൊതുഭരണം മെച്ചപ്പെടുത്തുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ ശിപാർശ ചെയ്യുക, ശിപാർശ ചെയ്ത പ്രകാരം തയ്യാറാക്കിയ പ്രോജക്ടുകളുടെ കൃത്യതയും നിയമസാധുതയും ഉറപ്പുവരുത്തി അംഗീകരിച്ച് പദ്ധതി സംബന്ധിച്ച അന്തിമ തീരുമാനമെടുക്കുവാൻ ഭരണസമിതിക്ക് ശിപാർശ ചെയ്യുക എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളാണ്.

പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന്റെ മുന്നോടിയായി, മേഖലാവിഭജന നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഓരോ മേഖലയിലും വകയിരുത്തേണ്ട തുക, അനിവാര്യമായ ഇനങ്ങൾക്കും വിഭാഗങ്ങൾക്കും വകയിരുത്തേണ്ട തുക, ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ എന്നിവ സംബന്ധിച്ച ശിപാർശ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും നൽകേണ്ടതും അവ പരിശോധിച്ച് മേഖലാ, ഉപമേഖലാ വിഹിതങ്ങൾ സംബന്ധിച്ച് അന്തിമ തീരുമാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശിപാർശയിന്മേൽ ഭരണസമിതി കൈക്കൊള്ളേണ്ടതുമാണ്. എന്നാൽ മിനിട്സ് പരിശോധിച്ചതിൽ തനത് ഫണ്ട് ഉപയോഗിച്ച് ചെയ്യേണ്ട പദ്ധതികൾ മാത്രമാണ് അംഗീകരിച്ചതായി കാണുന്നത്. (18.06.23 ലെ യോഗം, തീരുമാനം -1). മറ്റ് പദ്ധതികൾ യോഗത്തിൽ ചർച്ചചെയ്തതായി കാണുന്നില്ല.

6. ധനവിനിയോഗത്തിലൂടെ അനിവാര്യ ചുമതലകൾ യഥാസമയം നിറവേറ്റുവാൻ കഴിഞ്ഞിട്ടുണ്ടോ, പദ്ധതി പ്രവർത്തനങ്ങൾ ജനോപകാരപ്രദമാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നിവ ഉറപ്പ് വരുത്തിയിട്ടില്ല.

**ഓഡിറ്റ് നിർദേശം**

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണ നിർവഹണത്തിൽ എല്ലാ സ്റ്റാന്റിംഗ് കമ്മറ്റികൾക്കും സുപ്രധാന പങ്കുണ്ട്. പഞ്ചായത്തിന്റെ ധനകാര്യമാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രധാനപങ്ക് വഹിക്കുന്നു. ധനമാനേജ്മെന്റിന്റെ അടിസ്ഥാനശിലകളായ സമ്പൂർണ്ണവിഭവസമാഹരണം, ഫലപ്രദമായ വിഭവവിനിയോഗം, യാഥാർത്ഥ്യത്തിലൂന്നിയ ബജറ്റ്, കൃത്യവും സമയബന്ധിതവുമായ അക്കൗണ്ടിംഗ് എന്നിവ ഉറപ്പു വരുത്തുന്നതിന് സഹായകമായ രീതിയിൽ മോണിറ്ററിംഗ്, പുതിയ ധനസ്രോതസ്സ് കണ്ടെത്തൽ തുടങ്ങിയ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്ന പ്രാദേശികഭരണനിർവ്വഹണത്തിലെ പ്രധാന നേതൃത്വമായി മാറാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കഴിയണം.

## 1-12 വസ്തു നികുതി പരിഷ്കരണം-അവലോകനം

### വസ്തു നികുതി പരിഷ്കരണം- അന്തിമ വിജ്ഞാപനം നടത്തിയതിന്റെ വിവരങ്ങൾ

22.03.2023 ലെ സ.ഉ(കൈ)നം.77/23/എൽഎസ്ജിഡി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് 05.05.2023 ലെ കമ്മിറ്റി തീരുമാനപ്രകാരം 19.05.23 ന് കരട് വിജ്ഞാപനം ചെയ്ത് ആക്ഷേപം സ്വീകരിച്ചിട്ടുണ്ട്. തുടർന്ന് 22.06.2023ലെ 3(1) നമ്പർ തീരുമാനപ്രകാരം വിജ്ഞാപനം അന്തിമമാക്കിയിട്ടുണ്ട്. 2023 ജൂലായ് 7 ലെ മാതൃഭൂമി പത്രത്തിൽ വിജ്ഞാപനം പരസ്യപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ വസ്തുനികുതി നിരക്കുകൾ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മേൽ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം എല്ലാ കെട്ടിടങ്ങളുടെ വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്.

### ഡാറ്റാ എൻട്രി ഓപ്പറേറ്റർ നിയമനം.

വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതുമാണ്. വിവരശേഖരണം നടത്തുന്നതിനായി 2 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ച് പ്രവർത്തികൾ ആരംഭിച്ചുവെങ്കിലും മൂന്ന് ദിവസത്തിന് ശേഷം വിവിധ കാരണങ്ങളാൽ ജോലിക്ക് ഹാജരാകാത്തതിനാൽ പ്രവർത്തനങ്ങൾ നിലവിൽ മുടങ്ങിയിരിക്കുകയാണ്. കൂടുതൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്.

### റോഡ് മാപ്പ് തയ്യാറാക്കിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി

സൂക്ഷിച്ചിട്ടില്ല. റോഡ് മാപ്പ് തയ്യാറാക്കാത്തതിനാൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്, ഇളവ് എന്നിവ പരിശോധിക്കുന്നതിന് സാധിച്ചില്ല.

**സേവന ഉപനികുതി ചുമത്തിയതിന്റെ വിവരങ്ങൾ**

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ) നിലവിൽ ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത ഭരണ സമിതിപരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി കുറവായി നിർണ്ണയിച്ചതിനാൽ നഷ്ടം

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 40 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 50 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ചുവടെ ചേർത്തിട്ടുള്ള കെട്ടിടത്തിന് 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികുതിയാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | വിസ്തീർണ്ണം (ച.മീ)/ തരം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | പ്രാബല്യം | പ്രതി വർഷ നഷ്ടം |
|---|---|---|---|---|---|---|
| 13/918 | ഹംസ, പറക്കത്തൊടി | 107.87/ ഷോപ്പുകൾ | 107.87x40=4314.8<br>ഇളവ്<br>ബഹുനില വാണിജ്യാവശ്യത്തിനുള്ള ഇളവ് =258.9<br>വർദ്ധനവ്<br>വഴി സൗകര്യം 20%= 862.96<br>BT=4920<br>LC=246<br>Total=5166 | 107.87x50= 5393.5<br>ഇളവ്<br>വർദ്ധനവ്<br>വഴി സൗകര്യം 20%=1078.7<br>BT=6472<br>LC=324<br>Total=6796 | 2015 1st Half | 1630 |

മേൽ കെട്ടിടത്തെ ബഹുനില വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്ന ഗണത്തിൽപ്പെടുത്തി വസ്തുനികുതിയിൽ ഇളവ് നൽകിയിട്ടുണ്ട്. ആയതിന്റെ വിശദവിവരം ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 07/29.09.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടം സഞ്ചയ സോഫ്റ്റ് വെയറിൽ 100 ച. മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലുൾപ്പെടുത്തേണ്ടതും അതിന് ബാധകമായ വസ്തുനികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-14 മൊബൈൽ ടവർ വസ്തുനികുതി നിർണ്ണയിച്ചത്- രേഖകൾ ഹാജരാക്കിയില്ല

സഞ്ചയ ഫോറം 6 പ്രകാരം മൊബൈൽ ടവറിന് താഴെ പറയുന്ന നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.

| | |
|---|---|
| കെട്ടിടം | റിലയൻസ് ടവർ, പാലക്കയം |
| നമ്പർ | 7/392 |
| കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (ച:മീ) | 45 |
| അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) | 500 രൂപ |
| അടിസ്ഥാന വസ്തു നികുതി | 22500 രൂപ |
| **ഇളവുകൾ**<br>1. മേഖല 4500രൂപ<br>2.മേൽക്കൂര 2250രൂപ<br>3.കാലപ്പഴക്കം 4500രൂപ<br>4. ആകെ ഇളവ്<br>**ആകെ ഇളവ്** | 4500 രൂപ<br>2250 രൂപ<br>4500 രൂപ<br>50%<br>**11250 രൂപ** |
| ലൈബ്രറി സെസ്സ് | 563 |
| ആകെ വസ്തു നികുതി | 11250+ 563 = 11813/- |
| പ്രാബല്യം | 2013 First Half മുതൽ |

മൊബൈൽ ടവറിന് മേഖല, മേൽക്കൂര, കാലപ്പഴക്കം എന്നിവയ്ക്ക് ആകെ 50 ശതമാനം വസ്തുനികുതി ഇളവ് ചെയ്ത് നൽകിയിട്ടുണ്ട്. ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/29.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി നിർണ്ണയിച്ചതിന്റെ കൃത്യത പരിശോധിക്കുന്നതിനായി മേൽ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-15-0 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ**

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1994 ലെ ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232, 233, 234, 236, GO(P) No. 80/2017/LSGD Dt 31.10.2017 (ഭേദഗതി ചട്ടങ്ങൾ) എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നിയമവ്യവസ്ഥകൾക്കും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി സൂക്ഷിക്കേണ്ടതായ രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ, ലൈസൻസ് ഫീ പിരിവ്, പണം അടവാക്കൽ എന്നിവയുടെ കൃത്യത പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

**1-15-1 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.**

ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ഫീ ഡിമാന്റ് കൃത്യത ഉറപ്പാക്കുന്നതിന് ഫീൽഡ് വെരിഫിക്കേഷൻ നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതുമാണ്.

**1-15-2 ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ക്ലിയറൻസ്**

**സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് പട്ടിക 3 പ്രകാരം മൃഗങ്ങളുടെ കശാപ്പ്, മാംസം, മൽസ്യം, എളുപ്പത്തിൽ കേടുവരുന്ന മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വിൽപ്പന മുതലായവ നിയന്ത്രിക്കുക, ഭക്ഷണശാലകളെ നിയന്ത്രിക്കുക, ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽപ്പെടുന്നവയാണ്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 5 ൽ ക്ലിയറൻസ് ആവശ്യമായ വ്യവസായങ്ങളായി ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്നവയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് ക്ലിയറൻസ് ലഭ്യമാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത് എന്നാണ് കാണുന്നത്. ചട്ടവ്യവസ്ഥകൾ പാലിച്ച് മാത്രം ലൈസൻസ് അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**1-15-3 ലൈവ്സ്റ്റോക്ക് ഫാമുകൾ- രേഖകൾ ഹാജരാക്കിയിട്ടില്ല**

വാർഷിക ധനകാര്യ പത്രിക പ്രകാരം ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് എന്ന ഇനത്തിൽ 750/-രൂപ വരവ് ഉണ്ട്. എന്നാൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത് എന്നതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈവ് സ്റ്റോക്ക് ഫാം അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചാണോ ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയിരിക്കുന്നത് എന്നും ലൈസൻസ് ഫീസിന്റെ കൃത്യത എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമപഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം പരിശോധന നടത്തിയതായും കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 35/06.10.2023 ന് മറുപടി ലഭ്യമായില്ല.

**ഓഡിറ്റ് നിർദേശം**

ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകുമ്പോൾ 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

**1-16-0 തൊഴിൽ നികുതി-അപാകതകൾ**

2022-23 വർഷത്തിലെ തൊഴിൽ നികുതി പിരിച്ചെടുത്തതിന്റെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

**1-16-1 സ്ഥാപന തൊഴിൽ നികുതി പിരിച്ചെടുത്തില്ല**

1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ വകുപ്പ് 204, 205 പ്രകാരം ഒരു

പഞ്ചായത്ത് പ്രദേശത്ത് ഒരു അർധവർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനത്തിലെയും, പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ, ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് (അർദ്ധവർഷം) |
|---|---|---|
| 1 | ധനലക്ഷ്മി ബാങ്ക് | 1 & 2 |
| 2 | സപ്ലൈകോ | 1 & 2 |
| 3 | പി.എൻ.വൈ സഭ, ഫിനാൻസ് | 1 & 2 |
| 4 | പാൽ സൊസൈറ്റി, തച്ചമ്പാറ | 1 & 2 |
| 5 | പാൽ സൊസൈറ്റി, പാലക്കയം | 1 &2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 34/06.10.2023 ന് മറുപടി ലഭ്യമായില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-16-2 സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 205 ഐ പ്രകാരം സെക്രട്ടറി, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ, ഒന്നോ അതിലധികമോ വർഷത്തേക്കായി സൂക്ഷിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിലുള്ള നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും പേര്, മറ്റ് വിവരങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് ഒരു സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരം സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വ്യാപാരികളുടെ തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാനോ വ്യാപാരികളുടെ തൊഴിൽ നികുതി ഇനത്തിലെ വരവിന്റെ കൃത്യത പരിശോധിച്ചുറപ്പിക്കാനോ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 34/06.10.2023 ന് മറുപടി ലഭ്യമായില്ല.

**ഓഡിറ്റ് നിർദേശം**

തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനായി സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-17 സോളാർ പാനൽ - പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതാണ്

2022-23 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ഗ്രാമ പഞ്ചായത്തിനും

ഘടക സ്ഥാപനങ്ങൾക്കുമായി സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതി പൂർത്തികരിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി അനർട്ടിന് 728750 രൂപ നൽകിയിട്ടുണ്ട്. തൻവർഷം അനർട്ടിന് നൽകിയ തുകയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രൊ.നം.41/23(so)
അടങ്കൽ - 241546/- (വികസന ഫണ്ട് – ജനറൽ)
ചെലവ് - 241546/-
ബിൽ നം/തിയ്യതി-256/01.03.23
കരാർ നം/തിയ്യതി- നമ്പർ ഇല്ല, കരാർ തിയ്യതി 19.01.2022

1. ഗ്രാമ പഞ്ചായത്ത് കോംപൗണ്ടിലുള്ള കൃഷി ഭവൻ കെട്ടിടത്തിന്റെ മുകളിലാണ് സോളാർ പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നത്. അനർട്ട് മുഖാന്തിരം M/S Solgen Energy Pvt. Ltd എന്ന സ്ഥാപനം വർക്ക് 25.07.22 ന് പൂർത്തികരിച്ചതിന്റെ റിപ്പോർട്ടാണ് നൽകിയിരിക്കുന്നത്. റിപ്പോർട്ട് പ്രകാരം 5kwp ഓഫ് ഗ്രിഡ് ഇൻവർട്ടറും 335wp സോളാർ പാനൽ 15 എണ്ണവുമാണ് സ്ഥാപിച്ചിരിക്കുന്നത്. ബാറ്ററി കപ്പാസിറ്റി 12v, 100 Ah ആണ്. നിലവിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ പ്രവർത്തിക്കുന്ന എല്ലാ കംപ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കുമാണ് സോളാർ പാനലന്റെ ഉപയോഗം ലഭിച്ചിരിക്കുന്നത്. എം.ജി.എൻ.ആർ.ഇ.ജി.എസ് ഓഫീസും സോളാർ എനർജി ഉപയോഗിച്ച് പ്രവർത്തിക്കുന്നുണ്ട് . ഗ്രാമ പഞ്ചായത്തിലെ ലൈറ്റുകൾ ഫാനുകൾ എന്നിവ ഇതുമായി ബന്ധിപ്പിച്ചിട്ടില്ല. മറ്റു ഘടക സ്ഥാപനങ്ങൾക്കും ഇതിന്റെ ഉപയോഗം ലഭ്യമല്ല.ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണമായി സോളാർ എനർജി ഉപയോഗപ്പെടുത്തത്തക്കവിധത്തിൽ പര്യാപ്തമാണോ, ഗ്രാമപഞ്ചായത്തിനും അനുബന്ധ സ്ഥാപനങ്ങൾക്കും ഇതിന്റെ പ്രയോജനം പൂർണ്ണമായും ലഭിക്കുന്നുണ്ടോ, ആയതിന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരം എന്നിവ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/04.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാർ കാലാവധിക്കുള്ളിൽ ഗ്രാമ പഞ്ചായത്തിനും ഘടക സ്ഥാപനങ്ങൾക്കും സോളാർ പാനലിന്റെ പ്രവർത്തനം പൂർണ്ണമായും പ്രയോജനപ്രദമാക്കാനുള്ള സാധ്യതകൾ പരിശോധിച്ച് നടപടികളെടുക്കേണ്ടതാണ്.

## 1-18 മുൻ വർഷങ്ങളിൽ നിർവഹണം കഴിഞ്ഞശേഷം തൻവർഷം തുക വകയിരുത്തി തനതു ഫണ്ടിലേക്ക് തുക റീകൂപ്പ് ചെയ്തു

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്രമം നം. 154/21 തിയതി 15.12.21 പ്രകാരം തനത് ഫണ്ടിൽ നിന്ന് കമ്പ്യൂട്ടറുകളുടെ എ.എം.സി തുക 85550/- നൽകിയിട്ടുണ്ട്. 09.05.22 ലെ ഭരണ സമിതി തീരുമാനം 1/3 പ്രകാരം തനതുഫണ്ട് കുറവായതിനാൽ 2022-23 ൽ സ്പിൽ ഓവറായി പദ്ധതി വച്ച് വികസനഫണ്ടിൽ ഉൾപ്പെടുത്തി തുക പിൻവലിച്ച് തനത് ഫണ്ടിലേക്ക് റീകൂപ്പ് ചെയ്തിട്ടുണ്ട്. ഇതിനായി 2022-23 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ടിന്റെ വിവരം താഴെ ചേർക്കുന്നു.

പ്രോജക്ട് നം. 187/23 -കംമ്പ്യൂട്ടറുകളുടെ എ.എം.സി(സ്പിൽ ഓവർ)

അടങ്കൽ 85550 /- (വികസന ഫണ്ട്)

ചെലവ്- 85550 /-

ബിൽ നം, തിയ്യതി-95/15.10.22

യഥാർത്ഥ ചെലവ് നടന്നശേഷം പിന്നീട് വികസന ഫണ്ടിൽ നിന്ന് പ്രോജക്ട് വച്ച് തുക പിൻവലിച്ച് തനതുഫണ്ടിലേക്ക് മുതൽകൂട്ടിയതിന് വിശദീകരണം ആവശ്യപ്പെട്ടു

നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.13/04.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇതുപോലെ താഴെ പറയുന്ന പ്രോജക്ടിനു വേണ്ടിയുള്ള തുക തനതു ഫണ്ടിൽ നിന്ന് ചെലവഴിക്കുകയും പിന്നീട് മറ്റു ഫണ്ടുകളിൽനിന്ന് പണം പിൻവലിച്ച് തനതുഫണ്ടിലേക്ക് റീകൂപ്പ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് നം | ആകെ അടങ്കൽ | തതനതുഫണ്ടിൽനിന്ന് ചെലവഴിച്ച തിയ്യതി | ചെലവു തുക |
|---|---|---|---|---|
| 1 | 44/23(so) UPSബാറ്ററി വാങ്ങൽ | 21000 | വൗച്ചർ നം22100889 03.03.22 | 21000CFC 34/26.07.22 |

മേൽ പറഞ്ഞ പ്രകാരം തനതുഫണ്ടിൽ നിന്ന് ആദ്യം തുക ചെലവഴിച്ച് മറ്റു ഫണ്ടിൽ നിന്ന് തുക പിൻവലിച്ച് തനതുഫണ്ടിലേക്ക് മുതൽകൂട്ടുന്നത് ഒഴിവാക്കേണ്ടതാണ്. യഥാർത്ഥ ചെലവുകൾക്ക് മാത്രം പ്രോജക്ടിന് അനുസൃതമായി തുക വകയിരുത്താൻ (നം.13/04.10.23) ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ഹരിത കർമ്മസേനക്ക് വാഹനം വാങ്ങൽ -ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല

2022-23 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ഹരിത കർമ്മസേനക്ക് 30.09.22ലെ ഭരണ സമിതി യോഗ തീരുമാനം 3/1 പ്രകാരം GeM മുഖാന്തിരം ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത Floret Technologies പഴവങ്ങാടി, തിരുവനന്തപുരത്തു നിന്ന് MAC Auto India Hydraulic Garbage എന്ന വാഹനം വാങ്ങുകയും 18.11.22ൽ KL50K6086 ആയി രജിസ്ററർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന് തുക നൽകിയതിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രൊ.നം.38/23 SO
അടങ്കൽ - 500000/- (150000-ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 350000/-കേന്ദ്രാവിഷ്കൃതഫണ്ട്)
ചെലവ് -497000/-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് -149100/- രൂപ (ബിൽ നം/തിയ്യതി-97/20.10.22)
കേന്ദ്രാവിഷ്കൃതഫണ്ട് -347900/- രൂപ (ബിൽ നം/തിയ്യതി-98/20.10.22)

CGST ACT, 2017 സെക്ഷൻ 51(1)ൽ വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ കൂടുതൽ വരുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിലെ കരാറുകാരുടെ ബില്ലിൽ നിന്നും സ്രോതസ്സിൽ നിന്നുതന്നെ 1 % വീതം എസ്.ജി.എസ്.ടി, സി.ജി.എസ്.ടി ഉൾപ്പെടെ ആകെ 2% ടി.ഡി.എസ് കുറവ് ചെയ്യാൻ വ്യവസ്ഥയുണ്ട്. SGST ACT 2017 ആക്ടിലെ സെക്ഷൻ 51(1) ലും സമാന വ്യവസ്ഥയുണ്ട്. ആയതിനാൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്ന് 1% വീതം ആകെ 2%ശതമാനം ജി.എസ്.ടി കുറവു ചെയ്യേണ്ടതാണ്. ഇങ്ങനെ പിടിക്കുന്ന നികുതി കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് അടവാക്കി കരാറുകാരന് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങിയ വേളയിൽ കരാറുകാരനിൽ നിന്ന് ജി.എസ്.ടി സ്രോതസ്സിൽ നിന്ന് കുറവു ചെയ്തതായി കാണുന്നില്ല. മേൽസൂചിപ്പിച്ച വാഹനത്തിന്റെ നിലവിലെ ഉപയോഗക്ഷമത സംബന്ധിച്ചും, ജി.എസ്.ടി സ്രോതസ്സിൽ നിന്ന് കുറവു ചെയ്യാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/04.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി ടി.ഡി.എസ് നടത്താതിരുന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നിയമാനുസൃത പിഴ ഒടുക്കുവാൻ ബാധ്യസ്ഥനാണ് . അതിനാൽ ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-20 സാക്ഷരത തുല്യതാ പരീക്ഷാ നിർവഹണം - അപാകതകൾ**

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി സാക്ഷരതാ തുല്യതാ പരീക്ഷയ്ക്ക് ഫീസടയ്ക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പത്താംതരം തുല്യതാ പരീക്ഷയ്ക്ക് 12 പേരും ഹയർ സെക്കണ്ടറി പരീക്ഷക്ക് 24 പേരും രജിസ്റ്റർ ചെയ്യാനാണ് പദ്ധതി വിഭാവനം ചെയ്തത്. വിശദവിവരം താഴെ കൊടുക്കുന്നു.

പ്രോജക്ട് നം -119/22 സാക്ഷരത തുല്യത പരീക്ഷക്ക് തുക നൽകൽ

അടങ്കൽ – 100000 /- CFC

ചെലവ്- 77400 /-

ബിൽ നം., തിയ്യതി-352/25.03.23

മേൽ സൂചിപ്പിച്ച പ്രകാരം SSLC ക്ക് 12 പേർക്ക് 1850/-രൂപ നിരക്കിലും ഹയർ സെക്കണ്ടറിക്ക് 24 പേർക്ക് 2300 രൂപ നിരക്കിലുമാണ് ഫീസ് കേരള സ്റ്റേറ്റ് ലിറ്ററസി മിഷന് നൽകിയിരിക്കുന്നത്.

പദ്ധതി നിർവഹണം സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സാക്ഷരതാ മിഷന്റെ കത്തിൽ പത്താംതരം തുല്യത പരീക്ഷയ്ക്ക് , SBI ശാസ്താമംഗലം ,തിരുവനന്തപുരം ,അക്കൗണ്ട് നമ്പർ 57026996123 ലേക്കും ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷയ്ക്ക് യൂക്കോ ബാങ്ക് ,തിരുവനന്തപുരത്തിന്റെ അക്കൗണ്ട് നമ്പർ 02880100113107 ലേക്കുമാണ് ഫീസ് അടക്കേണ്ടത്. എന്നാൽ രണ്ടിനത്തിന്റെയും ഫീസ് ഹയർ സെക്കണ്ടറി ഫീസ് അടവാക്കേണ്ട യൂക്കോ ബാങ്ക്, തിരുവന്തപുരത്തിനാണ് അയച്ചിരിക്കുന്നത്.

2) ഹയർ സെക്കണ്ടറി വിഭാഗത്തിൽ 24 പേരുടെ ഫീസ് അടച്ചതിൽ താഴെ പറയുന്ന ഒരാൾ പരീക്ഷാ രജിസ്റ്റർ ചെയ്തതായി കാണുന്നില്ല.

A) ബിന്ദു.എം, പുളിക്കൽ തൊടി

3) ഹയർ സെക്കണ്ടറിക്ക് രജിസ്റ്റർ ചെയ്ത സൗമ്യ ജോസഫ് എന്ന വ്യക്തിക്ക് SSLC ക്ക് രജിസ്റ്റർ ചെയ്യുന്നതിനു പകരം ഹയർ സെക്കണ്ടറിക്കാണ് തുല്യതാ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 1850 പകരം 2300 രൂപയാണ് നൽകിയിരിക്കുന്നത്. അധികം നൽകിയ തുക ക്രമീകരിക്കേണ്ടതാണ്. അക്കൗണ്ട് മാറി അടച്ചതിന് സാക്ഷരതാ മിഷന് വിവരം അറിയിച്ച് ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.15/04-10-23)

**1-21 കൊട്ടത്താമല അംഗണവാടി കെട്ടിട നിർമ്മാണം വിനിയോഗ വിവരം ലഭ്യമായില്ല**

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി കൊട്ടത്താമല അംഗണവാടി കെട്ടിട നിർമ്മാണത്തിന് വികസന ഫണ്ട് ജനറലിൽ നിന്ന് തുക വകയിരുത്തിയിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ് മുഖേന നിർമ്മാണം പൂർത്തിയാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ 799011400000486അക്കൗണ്ട് നമ്പറിലേക്ക് താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

പ്രൊജക്ട് നം 231/23

അടങ്കൽ- 300000/- വികസന ഫണ്ട് ജനറൽ

ചെലവ്- 300000/-

ബിൽ നം ,തിയ്യതി- 32/19.01.23

എം.ജി.എൻ.ആർ.ഇ.ജി.എസ് . ലഭ്യമാക്കിയ രേഖകൾ പ്രകാരം എസ്റ്റിമേറ്റ് പരിശോധിച്ചതിൽ എം.ജി.എൻ.ആർ.ഇ.ജി.എസ് . ഫണ്ട് 5 ലക്ഷം , ഗ്രാമപഞ്ചായത്ത് വിഹിതം 3ലക്ഷം ,ഐ.സി.ഡി.എസ്.ഫണ്ട് 2 ലക്ഷം , ജില്ലാപഞ്ചായത്ത് വിഹിതം 5ലക്ഷം ഉൾപ്പെടെ 15ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് കോസ്റ്റ് നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ കെട്ടിടനിർമ്മാണത്തിന്റെ പ്രവൃത്തി പുരോഗതി അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.16/04.10.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-22 തെരുവുവിളക്ക് പരിപാലനം**

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജിനത്തിലും തെരുവുവിളക്കു സ്ഥാപിക്കൽ പ്രവൃത്തികൾക്കുമായി വലിയ തുക ചെലവഴിക്കേണ്ടി വരുന്നത് കുറയ്ക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 949756/-രൂപ കെ.എസ്.ഇ.ബി തച്ചമ്പാറ ഇലക്ട്രിക്കൽ സെക്ഷനുകളിൽ ആകെ അടവാക്കിയിട്ടുണ്ട്. ഇതു കൂടാതെ ഓഡിറ്റ് കാലയളവിൽ തെരുവുവിളക്ക് പരിപാലനം, ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ, മിനിമാസ്റ്റ് ലാമ്പ് സ്ഥാപിക്കൽ എന്നിവയ്കായി താഴെ പറയുന്ന ചെലവുകൾ നടന്നിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് തുക | ഫണ്ട് വകയിരുത്തിയത് |
|---|---|---|---|---|
| 1 | 140/23 തെരുവുവിളക്ക് പരിപാലനം | 282850/- | 232850/- | വികസന ഫണ്ട് ജനറൽ |
| 2 | 36/23- തെരുവുവിളക്ക് പരിപാലനം(so) | 53000/- | 53000/- | - Do - |
| 3 | 139/23- ഹൈമാസ്റ്റ് ലൈറ്റ് റിപ്പയർ(SO) | 50000/- | 50000 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 4 | 24/23 -മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1100000/- | 1082400/- | വികസന ഫണ്ട് ജനറൽ-300000/- ധനകാര്യ കമ്മീഷൻ അവാർഡ്-800000/- |
| | | | 1418250/- | |

മേൽ പട്ടിക പ്രകാരം വിവിധ ഇനങ്ങൾക്കായി ഗ്രാമപഞ്ചായത്തിന് വലിയൊരു തുക ചെലവു വന്നിട്ടുണ്ട്. തെരുവുവിളക്ക് പരിപാലനം സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1) ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ വിവരം നിജപ്പെടുത്തിയിട്ടില്ല.

2) വാർഡ് അടിസ്ഥാനത്തിൽ ഏതൊക്കെ ഇനങ്ങളിലുള്ള ബൾബുകളാണ് ഉള്ളതെന്ന്

തെരുവുവിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3) തെരുവുവിളക്ക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്ററർ, കേടായ സാധനങ്ങളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല, സാമ്പത്തിക വർഷം അവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീ കൺസൈൽ ചെയ്തിട്ടില്ല.

4) ഗ്രാമപഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ(എഫ്.ബി.)നം.496/ 2004(എൽ.ജി/സി.ഒ.എം.3515/98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി ബോർഡ് സെക്രട്ടറി) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിലെ തെരുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടില്ല.

5) എല്ലാ വാർഡിലുമുള്ള തെരുവുവിളക്കുകൾ ഘട്ടം ഘട്ടമായി മീറ്ററിംഗ് ആക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

6) ഹൈമാസ്റ്റ്, മിനിമാസ്റ്റ് സ്ഥാപിക്കുന്ന സ്ഥലങ്ങളിൽ നിലവിൽ തെരുവുവിളക്ക് പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/06.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല

<u>**ഓഡിറ്റ് നിർദ്ദേശങ്ങൾ**</u>

1 ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ മാറ്റം വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2 അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3 മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണ സമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## <u>1-23 ഗുണഭോക്താവിന്റെ മരണശേഷവും സ്റ്റാറ്റസ് ആക്ടീവ് ആയി തുടരുന്നു</u>.

ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതിനാൽ വീണ്ടും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതായി കാണുന്നു. യഥാസമയം സസ്പെൻഡ് ചെയ്യാതിരിക്കുന്നതിനാൽ പെൻഷണറുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതു വരെ ഡി.ബി.റ്റി സെൽ വഴി ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നത് തുടരുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം ഉള്ള പെൻഷൻ തുക അവകാശികൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ലെന്ന് സ.ഉ(എം.എസ്)നം.97/2020/ തസ്വഭവ തീയതി 23/9/2020 ഖണ്ഡിക 15 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

2022 വർഷത്തെ മരണ രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ സേവന പെൻഷൻ സോഫ്റ്റ്‌വെയറിൽ ഗുണഭോക്താവിന്റെ മരണശേഷവും

സ്റ്റാറ്റസ് ആക്ടീവ് ആയി കിടക്കുന്നതായി ശ്രദ്ധയിൽ പെട്ടവരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷന റുടെ പേര് | പെൻഷൻ ഐ.ഡി/ ആധാർ നം. | മരണപ്പെട്ട തീയതി | പെൻഷൻ ഇനം | സ്റ്റാറ്റസ് |
|---|---|---|---|---|---|
| 1 | ഹൈദ്രു.ടി | 108340201728 | 18/08/22 | ഇന്ദിരാ ഗാന്ധി വാർദ്ധക്യ കാല പെൻഷൻ | ആക്ടീവ് |
| 2 | കുട്ടപ്പ | 858984981250 (Aadhar No) | 28/05/22 | കർഷക പെൻഷൻ | ആക്ടീവ് |

സാമൂഹിക സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളായ മേൽ സൂചിപ്പിച്ച വ്യക്തികളുടെ മരണം രജിസ്റ്റർ ചെയ്തശേഷവും അവരുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ ആയത് തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് സസ്പെൻഡ് ആക്കിയിട്ടുണ്ട്. നിലവിൽ സേവന പെൻഷൻ സോഫ്റ്റ്‌വെയറിൽ ജനുവരി 2023 മുതലുള്ള വിതരണ വിവരമാണ് ലഭ്യമാകുന്നത് എന്നതിനാൽ മേൽ പട്ടികയിൽ സൂചിപ്പിച്ചവർ ഉൾപ്പെടെ മരണപ്പെട്ടിട്ടും പെൻഷൻ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് 31.12.2022 വരെ അനർഹമായി കൈമാറിയിട്ടുണ്ടെങ്കിൽ കൈപ്പറ്റിയവരിൽ നിന്ന് തുക തിരികെ ഈടാക്കാൻ വാർഡ് തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ സ്റ്റാറ്റസ് മരണശേഷവും ആക്ടീവായി തുടരുന്നതിന് വിശദീകരണം അന്വേഷിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/06.10.23) മറുപടി ലഭ്യമാക്കിയതിൽ ഈ ഗുണഭോക്താക്കൾ കാരാകുറിശ്ശി ഗ്രാമപഞ്ചായത്തിൽ ഉള്ളവരാണെന്നും വിവരം പഞ്ചായത്തിനെ രേഖാമൂലം അറിയിക്കാമെന്നതുമാണ് വ്യക്തമാക്കിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ഹോമിയോപതി മരുന്നുകൾ ലഭ്യമായില്ല

2022-23 വർഷം സെക്രട്ടറി നിർവഹണം നടത്തിയ ഹോമിയോ മരുന്നുവാങ്ങൽ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതി കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, പാതിരപ്പള്ളി, ആലപ്പുഴക്ക് തുക നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | അടങ്കൽ തുക | ചെലവ് തുക | ബിൽ നം, തിയ്യതി | മരുന്നുകൾ ലഭ്യമായത് | ബാലൻസ് |
|---|---|---|---|---|---|
| പ്രോജക്ട് നം. 18/23 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ | 100000/- മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) | 100000/- | 231/ 21.02.23 | 50337/- (ഇൻവോയ്സ് നം. LF-1277/ 08.09.23 | 49663/- |
| | | 100000/- | | 50337/- | 49663/- |

പഞ്ചായത്തിലെ NHM ഹോമിയോ ഡിസ്പെൻസറിയിലേക്ക് സർക്കാർ അംഗീകൃത

സ്ഥാപനമായ ഹോംകോയിൽ നിന്ന് വാങ്ങാനാണ് തുക വകയിരുത്തിയിരിക്കുന്നത്. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്ന് നോൺ അവയബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുണ്ട്. തുടർന്ന് 05.05.23 തിയ്യതിയിൽ ഹോംകോയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി കരാർ വച്ചിട്ടുണ്ട്. കരാർ പ്രകാരം പെയ്മെന്റ് ലഭ്യമായ തിയ്യതി മുതൽ(24.02.23) 9 മാസത്തിനുള്ളിൽ മരുന്നുകൾ സപ്ലൈ ചെയ്യാമെന്ന് വ്യവസ്ഥ വെച്ചിട്ടുണ്ട്. അതു പ്രകാരം ബാലൻസ് തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അന്വേഷിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(5/29.09.23) മറുപടി ലഭ്യമാക്കിയതിൽ കാലാവധിക്കുമുമ്പ് തന്നെ മരുന്നുകൾ ലഭ്യമക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുക്കേണ്ടതാണ്.

## 1-25 റൂം ഫോർ റിവർ പദ്ധതി- തുകയുടെ വിനിയോഗ വിവരം ലഭ്യമായില്ല

റൂം ഫോർ റിവർ പദ്ധതിക്കായി ഭാരത പുഴയിലേയും അതിന്റെ കൈവഴികളായ പുഴകളിലും അടിഞ്ഞുകൂടിയ ചെളി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് 2022-23 സാമ്പത്തിക വർഷം പ്രോജക്ട് വച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചെറുകിട ജലസേചന വിഭാഗം, പാലക്കാടിന് തുക നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു

പ്രോജക്ട് നം. - 163/2022-23

അടങ്കൽ -470400 (CFC)

ചെലവ്- 470400 -257/01.03.23

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ചൂരിയോട് പുഴയിൽ അടിഞ്ഞുകൂടിയിരിക്കുന്ന സിൽറ്റ് യന്ത്ര സഹായത്തോടെ മാറ്റുന്നതിന് 09.05.22ലെ ഭരണ സമിതി തീരുമാനം നം. 1/4 പ്രകാരം തുക നൽകിയിരിക്കുന്നു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.03.23 തിയ്യതിയിലെ DDP-PKD/913/2021-A4 കത്തിലെ നിർദേശമനുസരിച്ച് ഗ്രാമപഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ചെയർമാനായും ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ, വില്ലേജ് ഓഫീസർ, MGNREGS അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്.
കരിമ്പുഴ ചൂരിയോടിൽ ഏതൊക്കെ ഭാഗങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്നും ഫലപ്രദമായി പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നതും പ്രവൃത്തി പുരോഗതി, മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, മിനിട്സ്, തുകയുടെ വിനിയോഗ വിവരം എന്നിവയും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/02.10.23)മറുപടി ലഭ്യമായിട്ടില്ല. തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-26 തെരുവുവിളക്ക് പരിപാലനം കരാറുകാരന് നൽകിയ തുകക്ക് ബില്ലുകൾ സമർപ്പിച്ചില്ല

പ്രോജക്ട് നം-140/23-തെരുവുവിളക്കു പരിപാലനം
അടങ്കൽ തുക-232850/- (ഫണ്ട് വികസനഫണ്ട്)
ചെലവ് തുക- 232850/-ബിൽ നം.191/03.02.23

കരാർ തിയ്യതി-14.11.22
തെരുവുവിളക്കു പരിപാലനത്തിനായി ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ തുക ക്വാട്ട് ചെയ്ത സുനിൽകുമാർ.സി എന്ന ഇലക്ട്രിക്കൽ കോൺട്രാക്ടർക്ക് കരാർ ഉറപ്പിച്ചു നൽകിയിട്ടുണ്ട്.11 മുതൽ 15 വരെയുള്ള വാർഡുകളിലായി 693 ബൾബുകൾ മാറ്റിയതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തുകയും കെ.എസ്.ഇ.ബി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. താഴെപറയുന്ന ഇനങ്ങളിലുള്ള ബൾബുകൾ/ട്യൂബുകൾ ആണ് മാറ്റിയിരിക്കുന്നത് .

LED BULB-24W-450/-
LED&CFL9W/ 11W -250/
ട്യൂബ് &ചോക്ക്-300/-
ബൾബ് -30/-
സോഡിയം ലാമ്പ്- 300/-

24.12.22ലെ കരാറുകാരന്റെ കത്ത് പ്രകാരം തെരുവുവിളക്കു റിപ്പയർ ചെയ്ത വകയിൽ തുക 232850/-നൽകിയിട്ടുണ്ട്. എന്നാൽ ഈ ബില്ലിൽ എത്ര വാട്ടിന്റെ ഏതിനം ബൾബുകളാണ് ഉപയോഗിച്ചതെന്നും ലേബർ എത്രയെന്നും വ്യക്തമല്ല. ബില്ലിൽ മൊത്തതുകയാണ് എഴുതിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/02.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓരോ ഇനം ബൾബുകൾ/ട്യൂബുകൾ എത്രയെണ്ണം ഉപയോഗിച്ചുവെന്നും ആയതിന്റെ നിരക്ക് എത്രയെന്നും വ്യക്തമാക്കുന്ന ജി.എസ്.ടി.ബിൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. കൂലി ചെലവിനത്തിൽ എത്ര തുകയായി എന്നതു സംബന്ധിച്ചും വ്യക്തമായ കണക്കുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 SLBP-വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല

വെറ്ററിനറി സർജൻ നടപ്പാക്കിയ താഴെ സൂചിപ്പിക്കുന്ന പ്രോജക്ട് പ്രകാരം നൽകിയ തുകയുടെ വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | 179/23- പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (SLBP) |
| അടങ്കൽ, ഫണ്ട് ഇനം | 300000 (വികസന ഫണ്ട്)<br>300000 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് | 600000 |
| ബിൽ വിവരം | നം. P3/6-2-2023, Rs. 300000<br>നം. P5/16-2-2023, Rs. 300000 |

അസി.ഡയറക്ടർ, കാലിത്തീറ്റ സബ്സിഡി പ്രോഗ്രാമിന് ആണ് തുക നൽകിയിട്ടുള്ളത്. എന്നാൽ പ്രോജക്ടിന്റെ യൂട്ടിലൈസേഷൻ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.6/29.09.23) ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ടിലെ ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം നടത്തിക്കൊണ്ടിരിക്കയാണെന്നും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗവിവരം ലഭ്യമാക്കാമെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-28 പ്രവൃത്തികൾക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് ചമച്ചില്ല

തൻവർഷം അസി. എഞ്ചിനീയിർ നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തികളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല.

സ.ഉ(പി)നം.13/2012/PWD തിയതി 1-02-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ(ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇത്തരം നടപടികൾ സ്വീകരിക്കാത്ത പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി, എ.പി. എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കിയത് ₹ | ബാക്കി ഈടാക്കേണ്ടത് ₹ |
|---|---|---|---|---|---|---|---|
| 1. | SO 58/23- ചെമ്മല അമ്മിണി മുക്ക് കനാൽ ബണ്ട് റോഡ് റീടാറിംഗ് 211830 രൂ. ബിൽ നം.- 4/6-6-2022- 216481/- | 3-12-2021 (ഭരണ സമിതി തീരുമാനം) 6-1-2022 (EE തീരുമാനം) | - | 33/AE/LSGD/ TPA/ 14-2-2022 ഉസ്മാൻ.വി.എം. | 2118 | 0 | 2118 |
| 2 | SO 55/23- ചോലയിൽ കുന്ന് റോഡ് റീടാറിംഗ് 212114 രൂ. ബിൽ നം.- 43/31-3-2022, 174550/- 5/6-6-2022- 41865/- Total - 216415 | 3-12-2021 (ഭരണ സമിതി തീരുമാനം) 6-1-2022 (EE തീരുമാനം) | - | 32/AE/LSGD/ TPA/ 14-2-2022 ഉസ്മാൻ.വി.എം. | 2121 | 0 | 2121 |
| 3 | SO 57/23- തച്ചമ്പാറ മാട്ടം റോഡ് റീടാറിംഗ് 212468 രൂ. ബിൽ നം.- | 3-12-2021 (ഭരണ സമിതി തീരുമാനം) 6-1-2022 | - | 44/AE/LSGD/ TPA/ 14-2-2022 കിനാനത്ത്.വി. പി. | 2125 | 0 | 2125 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 9/23-6-2022- 198469/- | (EE തീരുമാനം) | | | | | |
| 4 | SO 58/23- ചൂരിയോട് നാരായണ മംഗലം റോഡ് റീടാറിംഗ് 212167 രൂ. ബിൽ നം.- 10/7-7-2022- 216620/- | 3-12-2021 (ഭരണ സമിതി തീരുമാനം) 6-1-2022 (EE തീരുമാനം) | - | 31/AE/LSGD/ TPA/ 14-2-2022 ഉസ്മാൻ. വി.എം. | 2122 | 0 | 2122 |
| 5 | SO 46/23- കൃഷിഭവൻ ചുറ്റുമതിൽ നിർമാണം 169220 രൂ. ബിൽ നം.- 31/28-3-2023 184495/- | 30-11-2022 (ഭരണ സമിതി തീരുമാനം) | - | 2/AE/LSGD/ TPA/ 4-1-2023 ഷിജു ജോർജ് | 1692 | 0 | 1692 |
| ആകെ | | | | | | | 10178 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.23/4-10-2023) ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ച വർക്കുകളിൽ ടെണ്ടർ എക്സസ് ഉൾപ്പെട്ടതിനാൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും അനുമതി ലഭ്യമാക്കിയുള്ള ഹാർഡ് കോപ്പി എത്താൻ വൈകിയതിനാലാണ് എഗ്രിമെന്റ് വെയ്ക്കാൻ വൈകിയത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ മറുപടി അംഗീകരിക്കത്തക്കതല്ല. ക്രമ നം.5 ൽ ഉള്ള പ്രവൃത്തി സംബന്ധിച്ച് ഫേം പീരിഡ് 2 മാസം ഉള്ളതിനാൽ ടി കാലയളവിനുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടുണ്ട് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ടെണ്ടർ അംഗീകരിച്ച ശേഷം 7 ദിവസമോ ഫേം പീരിഡോ ഏതാണ് കുറവ് അതിനുള്ളിൽ സെലക്ഷൻ നോട്ടീസ് അയയ്ക്കണം എന്നതിനാൽ ഈ മറുപടിയും നിലനിൽക്കുന്നതല്ല. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കേണ്ട തുക ഒന്നുകിൽ കരാറുകാരിൽ നിന്നും ഈടാക്കുകയോ അല്ലെങ്കിൽ കരാറുകാർക്ക് ഫൈനൽ ബിൽ അനുവദിയ്ക്കുമ്പോൾ നിലനിൽക്കുന്ന ബാധ്യതകൾ തട്ടിക്കിഴിക്കാതെ തുക അനുവദിച്ചു നൽകുകയോ ചെയ്ത ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

**1-29 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുക അടവാക്കിയിട്ടുണ്ട്.**

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെസൂചിപ്പിക്കുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual ലെയും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തി

പൂർത്തീകരണം വൈകിയതിന് താഴെ സൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

**Fines For Extension Of Time**

| Period | Rate Of Fine |
|---|---|
| First Extension ( Shall Not Exceed 25% Of The Original Time Or Six Months Whichever Is Less) | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാത്ത പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) പ്രോജക്ടിന്റെ നം. , പേര് : SO 60/23- പാലക്കയം അങ്കണവാടി നവീകരണം

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | ആകെ 581183/-<br>ബിൽ നം.-6/6-6-2022-358845/-<br>ബിൽ നം.-17/1-10-2022-167295/-<br>ബിൽ നം.-29/25-3-2022-55043/- |
| കരാർ നം., അളവു പുസ്തകം: | 29/AE/LSGD/ TPA/5-2-2022, MB No. 44/22 |
| പി.എ).സി. | 612324 |
| കരാറുകാരൻ: | ഉസ്മാൻ .വി.എം |
| സ്ഥലം കൈമാറിയ തീയ്യതി. | 5-2-2022 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 4-8-2022 |
| പൂർത്തീകരിച്ച തീയ്യതി: | 31-8-2022 |
| ഈടാക്കേണ്ട പിഴ (1%) | 6123 |
| ഈടാക്കിയത് | - |
| ഈടാക്കിയതിൽ കുറവ്: | 6123 |

പ്രവൃത്തി പൂർത്തീകരണത്തിനായി 6 മാസം അനുവദിച്ചിട്ടുള്ള (ടെക്നിക്കൽ സാങ്ഷൻ പ്രകാരം) ഈ പ്രവർത്തിയിൽ പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകുിയിട്ടില്ല. ഭരണസമിതി ഇതു സംബന്ധിച്ച് തീരുമാനം എടുത്തിട്ടുമില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.24/04.10.23) മറുപടിയായി പിഴ ഇനത്തിൽ ഈടാക്കേണ്ട തുക സാംഖ്യ രസീതി നം. 1230602033/6-10-2023 പ്രകാരം കരാറുകാരനിൽ നിന്നും ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. രസീതിയുടെ ആധികാരികത പരിശോധിച്ച് ഉറപ്പാക്കിയിട്ടുണ്ട്. ആഭ്യന്തര നിയന്ത്രണസംവിധാനത്തിലെ ഇത്തരം പോരായ്മകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-30 ഇ-ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല**

ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീസ് ഇനത്തിൽ അസി. എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് വരുന്ന തുകകൾ പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല.

അസി. എഞ്ചിനിയർ ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീ അടവാക്കുന്നതിന് എസ്.ബി.ഐയിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ)നം.3186/17/ ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ അക്കൗണ്ടിൽ വരവ് ഉണ്ടാകുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽകൂട്ടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫീ അടവാക്കുന്നതിന് ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (നം. 37440516984- SBI) 31-3-2023 ൽ ബാലൻസുള്ള 245918.50രൂ. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നാളിതുവരെ അടവാക്കിയിട്ടില്ല. അതിന് ശേഷം വന്ന തുകകളും തനത് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല. സാമ്പത്തിക വർഷം അവസാനിച്ചിട്ടും തുക തനത് ഫണ്ടിലേക്ക് കൈമാറാത്തത് ക്രമപ്രകാരമല്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.25/04.10.23) ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ ബാലൻസുള്ള തുക 287186 രൂ. സെക്രട്ടറിയുടെ തനത്ഫണ്ട് അക്കൗണ്ട് നം.40376101007329(Gramin Bank) ലേക്ക് 5-10-2023ൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ ആധികാരിത പരിശോധിച്ച് ഉറപ്പിച്ചിട്ടുണ്ട്.

ഭാവിയിൽ ഇ – ടെണ്ടർ ഫീസ് യഥാസമയം പഞ്ചായത്തിന്റെ തനത്ഫണ്ട് അക്കൗണ്ടിലേക്ക് അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**1-31 പ്രവൃത്തിയിൽ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ പ്രവൃത്തി പൂർത്തീകരണം വൈകി**

അസി. എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിക്കുന്ന പ്രവൃത്തിയിൽ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ നം., പേര് : | SO 51/23- കിഴക്കേച്ചോല കോളനി നടവഴി കോൺക്രീറ്റ് . |
| അടങ്കൽ, ഫണ്ടിനം | 120000, വികസന ഫണ്ട്(എസ്.സി.പി) |
| ചെലവ്: , ബിൽ നം., തീയ്യതി | 116090, 1/27-5-2022, Rs. 116090/- |
| കരാർ നം., അളവു പുസ്തകം: | 62/AE/LSGD/TPA/15-10-2020, MB No. 50/21 |
| കരാറുകാരൻ: | ബിജു ജെ തോമസ് |

മേൽ സൂചിപ്പിച്ച പ്രോജക്ടിന് 2(1), 13-7-2020 പ്രകാരം ഭരണസമിതിയുടെ അംഗീകാരവും ഉത്തരവ് നം. 2222/2020/DPO/PKD/DPC തീയ്യതി 12/8/2020 പ്രകാരം ഡി.പി.സി അംഗീകാരവും നം. 69569/2020-21, 24-9-2020പ്രകാരം സാങ്കേതിക അനുമതിയും ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടത്തി കരാറുകാരനുമായി 15-10-2020ൽ എഗ്രിമെന്റും വെച്ചിട്ടുണ്ട്. എന്നാൽ ആയതിന് ശേഷം 4-10-2021 ൽ മാത്രമാണ് കരാറുകാരന് സ്ഥലം കൈമാറിയിട്ടുള്ളത്. എസ്.സി.പി. പ്രോജക്ടിനുള്ള ഫീസിബിലിറ്റി ലഭ്യമായത് വൈകിയതിനാലാണ് ഇപ്രകാരം സംഭവിച്ചത് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് താഴെ സൂചിപ്പിക്കുന്ന അപാകങ്ങൾ സംഭവിച്ചിട്ടുണ്ട്.

--സ.ഉ(കൈ)നം.72/2017/ത.സ്വ.ഭ.വ തിയ്യതി 29.03.17 ഖണ്ഡിക 7.3.5 പ്രകാരം ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് പ്രോജക്ടുകൾ സമർപ്പിക്കുമ്പോൾത്തന്നെ എസ്.സി.പി പ്രോജക്ടുകളുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിരിക്കണം എന്ന് നിർദേശിക്കുന്നു. എന്നാൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പ്രോജക്ട് അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ളത്. നിയമാനുസൃതമായ കാലയളവിൽ അനുമതി പത്രങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. എന്നിട്ടും ഇതൊന്നും പരിഗണിക്കാതെ പ്രോജക്ടിന് അംഗീകാരം ലഭ്യമാക്കിയിരിക്കുന്നു.

--- ടെണ്ടർ കഴിഞ്ഞ് 15-10-2020ൽ എഗ്രിമെന്റ് വെച്ച് 4-10-2021ൽ മാത്രമാണ് കരാറുകാരന് സ്ഥലം കൈമാറിയിട്ടുള്ളത്. എഗ്രിമെന്റ് വെച്ച് 10 ദിവസത്തിനുള്ളിൽ സൈറ്റ് കൈമാറണം എന്ന മരാമത്ത് ചട്ടങ്ങൾ പാലിച്ചിട്ടില്ല. പിന്നീട് വളരെ വൈകി 23/9/2021ൽ മാത്രമാണ് ഫീസിബിലിറ്റി സർട്ടിഫിക്കറ്റിനായി അസി.എഞ്ചിനീയർ അപേക്ഷ (നം.17/2021-22/AE/LSGD/TPA) സമർപ്പിച്ചിട്ടുള്ളത്.

---15-10-2020 ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി വളരെ വൈകി 10-3-2022ൽ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ബിൽ തുക നൽകിയിട്ടുള്ളത് 2022-23 സാമ്പത്തിക വർഷത്തിൽ മാത്രമാണ്.

ഇപ്രകാരം ആവശ്യമായ അനുമതികൾ വാങ്ങാതെ പ്രോജക്ടിന് അംഗീകാരം ലഭ്യമാക്കുകയും തുടർന്ന് ടെണ്ടർ നടത്തി എഗ്രിമെന്റ് വെച്ച് നിശ്ചിത സമയത്തിനുള്ളിൽ സൈറ്റ് കൈമാറാതെ തുടരുന്നത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/14.10.23) ലഭ്യമാക്കിയ മറുപടിയിൽ ബിൽ തുക നൽകിയ അസി. എഞ്ചിനീയർ ചാർജ് എടുത്തത് 16-7-2021ൽ ആണ് എന്നും ടി സമയത്ത് ആയതിന്റെ ഫീസിബിലിറ്റി ലഭ്യമായിരുന്നില്ല എന്നും തുടർന്ന് ഫീസിബിലിറ്റി ലഭ്യമാക്കി വർക്ക് തുടരുകയാണ് ചെയ്തത് എന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

മറുപടി പരിഗണനാർഹമല്ല. നടപടിക്രമങ്ങൾ പാലിക്കാതെ പ്രോജക്ട് നിർവ്വഹിച്ചതിനാലും അനുവദനീയമായ അളവിനേക്കാൾ കൂടുതൽ സമയം പ്രവൃത്തി പൂർത്തീകരണത്തിന് നൽകിയതിനാലും ചെലവ് തുക 116090/-രൂ. തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ചതിനാൽ സർക്കാരിൽ സാധൂകരണം വാങ്ങി തടസ്സം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-32 പ്രോജക്ടുകളിൽ സബ്സിഡി മാർഗനിർദേശങ്ങൾ പാലിച്ചിട്ടില്ല

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയിട്ടുള്ള താഴെ സൂചിപ്പിക്കുന്ന പ്രോജക്ടിൽ സബ്സിഡി മാർഗ്ഗനിർദേശങ്ങൾ പാലിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | 180/23- കറവപ്പശു വളർത്തൽ (ജനറൽ വനിത) |
| അടങ്കൽ, ഫണ്ട് ഇനം | 2400000 (1200000-വികസന ഫണ്ട്, 1200000-ഗുണഭോക്തൃവിഹിതം) |
| ചെലവ് | 2400000 |
| ബിൽ വിവരങ്ങൾ | നം. P4/16-2-2023, Rs. 400000<br>നം. P7/21-2-2023, Rs. 350000<br>നം. P9/2-3-2023, Rs. 250000<br>നം. P11/14-3-2023, Rs. 100000<br>നം. P12/21-3-2023, Rs. 100000<br>(ഗുണഭോക്തൃവിഹിതം 1200000രൂ. നൽകിയ ചെക്ക് നമ്പറുകൾ ലഭ്യമായിട്ടില്ല) |

ഗുണഭോക്താക്കൾക്ക് 25000രൂ. സബ്സിഡിയും 25000രൂ. ഗുണഭോക്തൃവിഹിതവും

ചേർത്ത് ആകെ 50000രൂ. ആണ് നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്. 48 ഗുണഭോക്താക്കൾക്ക് ആണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ച് താഴെ സൂചിപ്പിക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

--സ.ഉ.(കൈ)നം.115/2022/തസ്വഭവ, തീയ്യതി. 28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗ്ഗനിർദേശങ്ങളിൽ കറവയുള്ള പശുക്കളെ വിതരണം ചെയ്യുന്ന പ്രോജക്ടുകളിൽ പർച്ചേസിംഗ് കമ്മിറ്റി രൂപീകരിക്കണം എന്നും ടി കമ്മിറ്റിയുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ഉരുക്കളെ വാങ്ങണമെന്നും ഉരുക്കളെ ഗുണഭോക്താക്കൾ നേരിട്ട് വാങ്ങാൻ പാടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി പ്രോജക്ടുകളിൽ ഗുണഭോക്താക്കൾ നേരിട്ടാണ് ഉരുക്കളെ വാങ്ങിയിട്ടുള്ളത്.

-- ടി പ്രോജക്ടിൽ ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ചിട്ടുണ്ട് എങ്കിലും എഗ്രിമെന്റിൽ തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ എഗ്രിമെന്റിന് സാധുത ഉള്ളതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/29-9-2023) ലഭ്യമാക്കിയ മറുപടിയിൽ പശുക്കളെ ഒരുമിച്ച് ലഭ്യമല്ലാത്തതിനാൽ പർച്ചേസിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഗുണഭോക്താക്കൾ നേരിട്ട് വാങ്ങി എന്നും ആയവയുടെ എല്ലാം ഇൻഷൂറൻസ് നടത്തിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ എഗ്രിമെന്റ് റജിസ്റ്ററിലെ രേഖപ്പെടുത്തലുകളെ ആസ്പദമാക്കി എഗ്രിമെന്റുകളിൽ നമ്പറും തീയ്യതിയും ചേർത്ത് കാലികമാക്കിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നു.

ഭാവിയിൽ മാർഗ്ഗനിർദേശങ്ങൾ അനുസരിച്ച് പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-33 മരുന്ന് വാങ്ങൽ പദ്ധതി - കാലാവധി കഴിഞ്ഞ മരുന്നുകൾ സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുന്നു

ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതികൾ പ്രകാരം ഔഷധിയിൽ നിന്നും മരുന്നുകൾ ലഭിച്ചിട്ടുണ്ട്. മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ കാലാവധി കഴിഞ്ഞ/കഴിയാറായ താഴെ പറയുന്ന മരുന്ന് സ്റ്റോക്കിൽ ബാക്കിയുള്ളതായി കാണുന്നു.

| ഇൻവോയ്സ് നം. / തിയതി | മരുന്നിന്റെ പേര് (ബാച്ച് നം.) | എക്സ്പെയർ മാസം/ വർഷം | നിരക്ക് | റിമാർക്സ് |
|---|---|---|---|---|
| 90273709/ 30.09.2022 | വചാലശുനാദി തൈലം (T 46204) | 08/2023 | 235/ ബോട്ടിൽ | 08.10.2022 ന് സ്റ്റോക്കിലെടുത്തിട്ടുള്ള 5 ബോട്ടിലുകളിൽ 4 ബോട്ടിലുകൾ വിതരണം ചെയ്യാതെ സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുന്നു. (സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 167). |
| 90273709/ 30.09.2022 | ക്ഷീരബല (T 73214) | 11/2023 | 27/ പാക്കറ്റ് | 08.10.2022 ന് സ്റ്റോക്കിലെടുത്തിട്ടുള്ള 20 പാക്കറ്റിൽ 10 പാക്കറ്റ് വിതരണം ചെയ്യാതെ |

| | | | | |
|---|---|---|---|---|
| | | | | സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുന്നു (സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 153). |
| 90273709/ 30.09.2022 | ഔഷധി ഹാൻറ് സാനിറ്റേസർ (PT 052029) | 02/23 | 34/ ബോട്ടിൽ | 08.10.2022 ന് സ്റ്റോക്കിലെടുത്തിട്ടുള്ള 1 ബോട്ടിൽ വിതരണം ചെയ്യാതെ സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുന്നു (സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 216). |
| 90260064/ 08.06.2022 | പത്ഥ്യാദി കഷായ ചൂർണ്ണം (K 18218) | 05/23 | 179/ പാക്കറ്റ് | 11.06.2022 ന് സ്റ്റോക്കിലെടുത്തിട്ടുള്ള 24 കിലോ ഗ്രാമിൽ 6 കിലോ ഗ്രാം വിതരണം ചെയ്യാതെ സ്റ്റോക്കിൽ സൂക്ഷിച്ചിരിക്കുന്നു (സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 158). |

മേൽ പ്രകാരം കാലാവധി കഴിഞ്ഞ/കഴിയാറായ മരുന്നുകൾ സമയപരിധിക്കുള്ളിൽ വിതരണം ചെയ്യാതെ സ്റ്റോക്കിൽ സൂക്ഷിച്ചതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 08/30.09.2023) കാലാവധി കഴിഞ്ഞ ഔഷധങ്ങൾ മാറ്റി നൽകാമെന്ന് ഔഷധിയിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

കാലാവധി കഴിഞ്ഞ മരുന്നുകൾ രോഗികൾക്ക് വിതരണം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും കാലാവധി കഴിഞ്ഞും മരുന്നുകൾ സ്റ്റോക്കിലുണ്ടെങ്കിൽ, ആയത് ഓഷധിയിൽ നിന്നും മാറ്റി വാങ്ങുവാനും ശ്രദ്ധിക്കേണ്ടതാണ്.

**1-34 കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സാ സഹായം - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്**

| | |
|---|---|
| പ്രോജക്ട് നം., പേര് | 116/23, കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സാ സഹായം |
| അടങ്കൽ | 150000 രൂപ (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | ബിൽ നം. 17/22-23/15.02.2023, 150000 രൂപ |
| നിർവഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

മേൽ പദ്ധതി പ്രകാരം ഒരു കുട്ടിക്ക് 50000 രൂപ നിരക്കിൽ താഴെ പറയുന്ന മൂന്ന് കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ അനന്തര സഹായം ലഭ്യമാക്കുന്നതിനായി നിർവഹണ ഏജൻസിയായ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ അക്കൗണ്ടിലേക്ക് (നം. 701011400000134) 150000 രൂപ മാറ്റി നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | ധ്യാൻ ബാബു, S/O ഡോളി ബാബു, |

| | |
|---|---|
| | വടക്കൽ വീട് |
| 2 | ഫാത്തിമ ഷൈഹ, D/O ഹബീബ് പി എസ്, പാറോക്കോട്ടിൽ |
| 3 | ആദി ദേവ്, S/O ബീന പി, പുത്തൂർ വീട് |

പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കളുടെ അപേക്ഷകളിൽ കോക്ലിയർ ഇംപ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി വരുന്ന തുകയായി രേഖപ്പെടുത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | Required List Of Spares & Access Ories ആയി രേഖപ്പെടുത്തിയ തുക | സാക്ഷ്യപ്പെടുത്തിയിരിക്കുന്ന ഡോക്ടറുടെ പേര് |
|---|---|---|---|
| 1 | ധ്യാൻ ബാബു | 47200 | ഡോ. ഷറഫുദ്ദീൻ പി കെ, അസെന്റ് ഇ എൻ ടി ഹോസ്പിറ്റൽ, പെരിന്തൽമണ്ണ |
| 2 | ഫാത്തിമ ഷൈഹ, | 12166 | ,, |
| 3 | ആദി ദേവ് | 42800 | ,, |

പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും കോക്ലിയർ ഇംപ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി 50000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. അപേക്ഷ പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുള്ള യഥാർത്ഥ തുകയെക്കാൾ കൂടുതൽ തുക നിർവഹണ ഏജൻസിയായ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ അക്കൗണ്ടിലേക്ക് മാറി നൽകുവാനുള്ള കാരണം വ്യക്തമല്ല.

2. കോക്ലിയർ ഇംപ്ലാന്റേഷൻ അനന്തര സഹായം വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. പതിനാലാം പഞ്ചവത്സരപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.04.2022 ലെ സ.ഉ(കൈ)നം. 84/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 18/04.10.2023) കോക്ലിയർ ഇംപ്ലാന്റേഷനു വേണ്ടി ഒരു കുട്ടിക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള 50000 രൂപയാണ് നൽകിയതെന്നും ആയതിന്റെ വിനിയോഗ വിവരം കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും ലഭ്യമാക്കി അറിയിക്കുന്നതാണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. കോക്ലിയർ ഇംപ്ലാന്റേഷൻ അനന്തര സഹായം വിനിയോഗിച്ചതിന്റെ വിശദാംശങ്ങളടങ്ങിയ വിനിയോഗ സാക്ഷ്യപത്രം കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

2. ഗുണഭോക്താക്കളുടെ അപേക്ഷകളിൽ കോക്ലിയർ ഇംപ്ലാന്റുകൾ

പ്രവർത്തനക്ഷമമാക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി വരുന്ന തുകയായി ഡോക്ടർ സാക്ഷ്യപ്പെടുത്തിയ തുകയേക്കാൾ ചെലവായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകേണ്ടതും ഉപയോഗിക്കാത്ത തുക തിരികെ ഈടാക്കേണ്ടതുമാണ്.

3. പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് മേണിറ്ററിംഗ് കമ്മിറ്റികൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും, മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-35 ഹരിത കർമ്മസേനയുടെ പ്രവർത്തനം - അവലോകനം**

15.07.2017 ലെ സ.ഉ(സാധാ) നം.2420/17/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും 02.08.2020 ലെ സ.ഉ(സാധാ) നം.1496/2020/ തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. തച്ചമ്പാറ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

**1) ഹരിതകർമ്മസേനയുടെ രൂപീകരണം**

ഗ്രാമപഞ്ചായത്ത് പ്രദേശം മാലിന്യമുക്തമാക്കുന്നതിനായി ഹരിതകർമ്മസേനയുടെ നേതൃത്വത്തിലുള്ള ശുചിത്വ പരിപാലന പ്രവർത്തനങ്ങൾ 2020 ഫെബ്രുവരി മാസത്തിലാണ് ആരംഭിച്ചത്. ആരംഭത്തിൽ 31 ഹരിതകർമ്മസേനാംഗങ്ങളുണ്ടായിരുന്നെങ്കിലും നിലവിൽ മൂന്ന് ക്ലസ്റ്ററുകളിലായി 23 പേരാണ് മാലിന്യ പരിപാലന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത്.

**2) യൂസർഫീ ഈടാക്കൽ**

തച്ചമ്പാറ ഗ്രാമപഞ്ചായത്തിൽ ആകെ 15 വാർഡുകളാണുള്ളത്. പഞ്ചായത്ത് പരിധിയിൽ സഞ്ചയയിലെ വിവരങ്ങൾ പ്രകാരം 5625 വീടുകളും 610 ഓളം കടമുറികളുമുണ്ട്. നിലവിൽ യൂസർഫീയായി വീടുകളിൽനിന്ന് 50/- രൂപയും കടകളിൽനിന്ന് 100/- രൂപയുമാണ് ഈടാക്കുന്നത്. വേതനം, ഹരിതകർമ്മസേനയുടെ മറ്റുചെലവുകൾ എന്നിവക്കായി ഇത് ഉപയോഗിക്കുന്നു.

തൻവർഷം യൂസർ ഫീസിനത്തിൽ 644758 രൂപ വരവുണ്ട്. ഇതിൽ 612235 രൂപ ഹരിതകർമ്മസേനാംഗങ്ങളുടെ വേതനമായി നൽകിയിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനായി പഞ്ചായത്ത് പരിധിയിലെ എല്ലാ ഗുണഭോക്താക്കളിൽ നിന്നും യൂസർ ഫീ ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**3) വയബിലിറ്റി ഗ്യാപ്പ് ഫണ്ട്**

തൻവർഷം വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി ആകെ 290076 രൂപ ഹരിത കർമ്മ സേനയ്ക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 82/23 – ഹരിത കർമ്മ സേനയ്ക്ക് വിജിഎഫ് (സ്പിൽ ഓവർ) | 106690 രൂപ (CFC) | 106690 രൂപ |
| 2 | 184/23 – ഹരിത കർമ്മ | 183386 | 183386 |

| | | | |
|---|---|---|---|
| | സേനയ്ക്ക് വിജിഎഫ് | രൂപ (CFC) | രൂപ |

**4) മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)**

പഞ്ചായത്തിൽ 2ാം വാർഡിലുള്ള ചൂരിയോട് എന്ന സ്ഥലത്ത് MCF പ്രവർത്തിച്ച് വരുന്നു. വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച അജൈവമാലിന്യങ്ങൾ പഞ്ചായത്തിലെ 15 സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മിനി MCF ൽ എത്തിച്ച് താൽക്കാലികമായി സൂക്ഷിക്കുകയും പിന്നീട് MCF ലേക്ക് മാറ്റുകയുമാണ് ചെയ്യുന്നത്. ജലലഭ്യത, വൈദ്യുതീകരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ MCF ൽ സജ്ജമാക്കിയിട്ടുണ്ട്. തൻവർഷം പ്ലാസ്റ്റിക്ക് മാലിന്യസംസ്ക്കരണത്തിനായി ക്ലീൻ കേരളയിൽ നിന്നും ബൈലിംഗ് യൂണിറ്റ് ലഭിച്ചിട്ടുണ്ടെങ്കിലും ആയത് സ്ഥാപിക്കുകയോ പ്രവർത്തന സജ്ജമാക്കുകയോ ചെയ്തിട്ടില്ല. ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടില്ല.

**5) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)**

ഗ്രാമപഞ്ചായത്തിൽ ആർ.ആർ.എഫ് സ്ഥാപിച്ചിട്ടില്ല. എം.സി.എഫിൽ മാലിന്യങ്ങൾ തരംതിരിച്ച് ക്ലീൻകേരളയ്ക്ക് കൈമാറുകയാണ് ചെയ്യുന്നത്.

**6) ഹരിത സഹായ സ്ഥാപനം**

പ്രൊജക്ട് നം. 86/23 – 'ഹരിത സഹായ സ്ഥാപനത്തിന് തുക കൈമാറൽ (സ്പിൽ ഓവർ)' പദ്ധതി പ്രകാരം ഐ ആർ ടി സിയെ മാർച്ച് 2023 മുതൽ ഒരു വർഷത്തേക്ക് ഹരിത സഹായ സ്ഥാപനമായി തെരഞ്ഞെടുത്തിട്ടുണ്ട്.

**7) ക്ലീൻ കേരള കമ്പനി**

29.07.2020 ലെ സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും, വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ക്ലീൻ കേരള കമ്പനിയുമായി എഗ്രിമെന്റിലേർപ്പെട്ടിട്ടുണ്ട്.

**8) ഹരിതകർമ്മസേനയുടെ ആവശ്യത്തിനായി തൻവർഷം നടപ്പിലാക്കിയ മറ്റ് പദ്ധതികൾ**

| ക്രമ നം. | പ്രൊജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 38/23 – ഹരിത കർമ്മ സേനയ്ക്ക് വാഹനം (സ്പിൽ ഓവർ) | 500000 രൂപ (CFC - 150000 രൂപ, കേന്ദ്രാവിഷ്കൃത ഫണ്ട് - 350000 രൂപ) | 497000 രൂപ (CFC - 149100 രൂപ, കേന്ദ്രാവിഷ്കൃത ഫണ്ട് - 347900 രൂപ) |
| 2 | 83/23 – ഹരിത കർമ്മ സേനയ്ക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കൽ (സ്പിൽ ഓവർ) | 50000 രൂപ (CFC) | 13984 രൂപ |
| 3 | 84/23 – ഹരിത | 14143 രൂപ | 14143 രൂപ |

| | | | |
|---|---|---|---|
| | കർമ്മ സേനയുടെ മറ്റ് ചെലവുകൾ (സ്പിൽ ഓവർ) | (കേന്ദ്രാവിഷ്കൃത ഫണ്ട്) | |
| 4 | 86/23 – ഹരിത സഹായ സ്ഥാപനത്തിന് തുക കൈമാറൽ (സ്പിൽ ഓവർ) | 104401 രൂപ (CFC) | 104401 രൂപ |

**9). 'ഹരിത മിത്രം' ഗാർബേജ് മോണിറ്ററിംഗ് ആപ്പ്.**

മാലിന്യ ശേഖരണം, സംസ്കരണം എന്നിവ ഡിജിറ്റലൈസ് ചെയ്യുന്നതിനായുള്ള 'ഹരിത മിത്രം' ഗാർബേജ് മോണിറ്ററിംഗ് ആപ്പിന്റെ പ്രവർത്തനത്തിനായി പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ക്യൂ ആർ കോഡ് സ്റ്റിക്കറുകൾ പതിപ്പിച്ചിട്ടില്ല. ആയതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നതായി അറിയിച്ചിട്ടുണ്ട്. ഗാർബേജ് ആപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**10). ഹരിതകർമ്മസേനയുടെ കൺസോർഷ്യ അക്കൗണ്ടിലെ നീക്കിയിരിപ്പ്.**

ഹരിതകർമ്മസേനയുടെ 40376101047673 നമ്പർ അക്കൗണ്ടിൽ (കേരള ഗ്രാമീൺ ബാങ്ക്) 31.03.2023 ന് 32523 രൂപ നീക്കിയിരിപ്പുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

1. ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്.

2. എം.സി.എഫിൽ സ്ഥാപിച്ചിട്ടുള്ള ബെയിലിംഗ് മെഷീൻ പ്രവർത്തന സജ്ജമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ക്ലീൻ കേരള കമ്പനിയിൽ നിന്നുള്ള ഇൻസ്റ്റലേഷൻ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

3. യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്. മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4. എം.സി.എഫിൽ നിന്നും തരംതിരിച്ച് മാറ്റുന്ന അജൈവ മാലിന്യങ്ങൾ സ്ഥിരമായി നീക്കം ചെയ്യുന്നതിനുള്ള കോ-ഓർഡിനേഷൻ ശക്തമാക്കേണ്ടതാണ്.

5. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്പാദിപ്പിക്കുന്ന കമ്പോസ്റ്റ്, സ്ലറി എന്നിവ കാർഷികാവശ്യത്തിന് നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

6. മാലിന്യ ശേഖരണം, സംസ്കരണം എന്നിവ ഡിജിറ്റലൈസ് ചെയ്യുന്നതിനായുള്ള 'ഹരിത മിത്രം' ഗാർബേജ് മോണിറ്ററിംഗ് ആപ്പിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

7. കരാർ വ്യവസ്ഥകൾ പ്രകാരം ഹരിത സഹായ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പ്രവർത്തന റിപ്പോർട്ടുകൾ

പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

8. മാലിന്യ സംസ്കരണ മേഖലയിൽ വി.ഇ.ഒ/മറ്റ് ഉദ്യോഗസ്ഥർ എന്നിവർ സർക്കാർ ഉത്തരവനുസരിച്ചുള്ള ചുമതലകൾ നിറവേറ്റുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-36 ജി.എസ്.ടി- ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചു.

അങ്കണവാടി അനുപൂരക പോഷകാഹാരം പദ്ധതികൾ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള 21 അങ്കണവാടികളിലേക്കുള്ള അമൃതം ന്യൂട്രിമിക്സ് അമൃതം ഫുഡ്, തച്ചമ്പാറ എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ഇൻവോയ്സ് പ്രകാരം അമൃതം ന്യൂട്രിമിക്സിന് 5% ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് നൽകുന്നത്. എന്നാൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്താതെ തുക അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം., പേര് | ബിൽ നം./ തീയതി | ഇൻവോയ്സ് നം./തീയതി | ജി.എസ്.ടി ഉൾപ്പെടാത്ത തുക (രൂപയിൽ) |
|---|---|---|---|
| 14/23, അനുപൂരക പോഷകാഹാരം (ജനറൽ) | 07/10.10.2022 | 149/22.08.2022 | 77490 |
| | | 154/20.09.2022 | 75600 |
| | 11/20.12.2022 | 164/14.11.2022 | 72765 |
| | 14/23.01.2023 | 179/01.01.2023 | 74182 |
| 15/23, അനുപൂരക പോഷകാഹാരം (എസ്.സി.പി) | 06/19.10.2022 | 158/11.10.2022 | 72765 |
| ആകെ | | | 372802 രൂപ |

അക്കൗണ്ട് നമ്പർ - 32931317446, എസ് ബി ഐ

GST IN - 32AAXFA6272H3Z4

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017/കേരള ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1) പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 1% വീതം ടി.ഡി.എസ് (ആകെ 2%) ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം. ഡി.എ1/87/ 2019/തസ്വഭവ തീയതി 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവൃത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി ഡി എസ് ഈടാക്കിയിട്ടില്ല. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/04.10.2023) തുടർന്ന് വരുന്ന ബില്ലുകളിൽ ജി എസ് ടി - ടി ഡി എസ് ഈടാക്കി അടക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റേയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ

നിന്നും CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

ജി.എസ്.ടി ടി.ഡി.എസ് നടത്തുവാൻ വീഴ്ച വരുത്തിയാൽ പിഴ ഒടുക്കുവാൻ ഉദ്യോഗസ്ഥൻ ബാധ്യസ്ഥനായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും സപ്ലൈയർ ജി.എസ്.ടി തുക അടവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

**1-37 വനിതാ കാന്റീനിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല**

| | |
|---|---|
| പ്രോജക്ട് നം., പേര് | 176/23, വനിതാ കാന്റീനിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ |
| അടങ്കൽ | 50000 രൂപ (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | ബിൽ നം. 19/22-23/29.03.2023, 37200 രൂപ |
| നിർവഹണം | അസിസ്റ്റന്റ് സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ വനിതാ കാന്റീനിലേക്ക് ആവശ്യമായ ഡെസ്ക്, ബെഞ്ച് എന്നിവ GeM മുഖേന വാങ്ങുന്നതിനും മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കലുമാണ് പദ്ധതി ലക്ഷ്യം.

ടെണ്ടർ മുഖേന കെ പി എം സ്റ്റോർ ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും 4 വീതം ഡെസ്കുകളും ബെഞ്ചുകളും വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം. 30, തുക – 58882 രൂപ).

പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1) പഞ്ചായത്തിലെ വനിതാ കാന്റീനിലേക്ക് ആവശ്യമായ ഡെസ്ക്, ബെഞ്ച് എന്നിവ GeM മുഖേന വാങ്ങുവാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ട് (Contract No. GEMC-511687786210120/08.03.2023, തുക – 47800 രൂപ). എന്നാൽ പിന്നീട് ടെണ്ടർ (പരസ്യ നം. എസ്.സി2-154/22) മുഖേന കെ പി എം സ്റ്റോർ ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയാണ് ചെയ്തിട്ടുള്ളത്.

2) ബിൽ നം. 19/22-23/29.03.2023 പ്രകാരം 37200 രൂപയാണ് കെ പി എം സ്റ്റോർ ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിന് മാറി നൽകിയിട്ടുള്ളത്. ഇൻവോയ്സ് പ്രകാരം 21682 (58882-37200) രൂപ സ്ഥാപനത്തിന് നൽകാൻ ബാക്കിയുണ്ട്. ആയത് നൽകിയിട്ടുണ്ടെങ്കിൽ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) വാങ്ങിയിട്ടുള്ള ഡെസ്കുകളും ബെഞ്ചുകളും സ്റ്റോക്കിലെടുത്തതിന്റെയും വനിതാ കാന്റീനിലേക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4) പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.04.2022 ലെ സ.ഉ(കൈ)നം. 84/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 03/29.09.2023) കാന്റീന് അനുയോജ്യമായ ഡെസ്കും ബെഞ്ചും GeM ൽ ലഭ്യമല്ലായിരുന്നെന്നും ടെണ്ടറിൽ പരാമർശിച്ച സ്പെസിഫിക്കേഷനിലുള്ള ബെഞ്ച് സപ്ലൈ ചെയ്യാത്തിനാൽ 21682 രൂപ

സ്ഥാപനത്തിന് നൽകിയിട്ടില്ലെന്നും മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നതാണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

കെ പി എം സ്റ്റോർ ചെർപ്പുളശ്ശേരി എന്ന സ്ഥാപനത്തിൽ 4 വീതം ഡെസ്കുകളും ബെഞ്ചുകളും ലഭിച്ചതിൽ സ്പെസിഫിക്കേഷനിലുള്ള ബെഞ്ച് സപ്ലൈ ചെയ്യാത്തിനാൽ 4 ബെഞ്ചുകൾ തിരികെ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പിന്നീട് സ്ഥാപനം നാളിതുവരെ സ്പെസിഫിക്കേഷനിലുള്ള ബെഞ്ച് സപ്ലൈ ചെയ്തിട്ടില്ല. ഇതുമൂലം പഞ്ചായത്തിലെ വനിതാ കാന്റീനിലേക്ക് ആവശ്യമായ ഡെസ്ക്, ബെഞ്ച് എന്നിവ വാങ്ങുന്നതിനും മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും എന്ന പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചുവെന്ന് ഉറപ്പ് വരുത്തി ആയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 1-38 പി എച്ച് സിക്ക് കമ്പ്യൂട്ടർ വാങ്ങൽ - അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം., പേര് | 45/23, പി എച്ച് സിക്ക് കമ്പ്യൂട്ടർ വാങ്ങൽ (സ്പിൽ ഓവർ) |
| അടങ്കൽ | 68720/- രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 63284/- രൂപ |
| ബിൽ നം./ തീയതി, തുക | 28/22-23/02.03.2023, 15008/- രൂപ |
| നിർവഹണം | മെഡിക്കൽ ഓഫീസർ (പി എച്ച് സി) |

മേൽ പദ്ധതി പ്രകാരം പി എച്ച് സിയിലേക്ക് Cprcs പോർട്ടർ മുഖേന ഒരു കമ്പ്യൂട്ടർ വാങ്ങുന്നതിനായി കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയ്സ് (നം. TVM/ITBG/PI/ RC/44163/22-23/ 28.12.2022, തുക – 46288 രൂപ) പ്രകാരം കേരള സ്റ്റേറ്റ് ഐ ടി മിഷന്റെ അക്കൗണ്ടിലേക്ക് (നം. 799011400003959) 15008/- രൂപ മാറി നൽകിയിട്ടുണ്ട്.

പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇൻവോയ്സ് പ്രകാരമുള്ള കമ്പ്യൂട്ടറിന്റെ (Desktop – Intel Processor – Medium End Windows 11 Home) ഒറിജിനൽ ഇൻവോയ്സ്, ഇൻസ്റ്റലേഷൻ റിപ്പോർട്ട്, സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ആകെ പദ്ധതി ചെലവ് 63284/- രൂപയാണ്. എന്നാൽ ട്രഷറി ബിൽ ബുക്ക് പ്രകാരമുള്ള ആകെ പദ്ധതി ചെലവ് 15008/- രൂപയാണ്. സുലേഖ ചെലവ് പത്രികയിൽ യഥാർത്ഥത്തിലുള്ള ചെലവ് തുക ചേർത്തിട്ടില്ല.

3. പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.04.2022 ലെ സ.ഉ(കൈ)നം. 84/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 21/04.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. ഇൻവോയ്സ് പ്രകാരമുള്ള കമ്പ്യൂട്ടറിന്റെ (Desktop – Intel Processor – Medium End

Windows 11 Home) ഒറിജിനൽ ഇൻവോയ്സ്, ഇൻസ്റ്റലേഷൻ റിപ്പോർട്ട്, സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് നൽകേണ്ടതാണ്.

2. സുലേഖ ചെലവ് പത്രികയിൽ യഥാർത്ഥത്തിലുള്ള ചെലവ് തുക ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 1-39 സാന്ത്വന പരിചരണ പദ്ധതി - പരിഷ്കരിച്ച സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം., പേര് | 32/23, സാന്ത്വന പരിചരണ പദ്ധതി |
| അടങ്കൽ | 825000/- രൂപ (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 824214/- രൂപ |
| നിർവഹണം | മെഡിക്കൽ ഓഫീസർ (പി എച്ച് സി) |

സാന്ത്വന പരിചരണം പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കിടപ്പിലായ രോഗികളെ വീട്ടിൽ ചെന്ന് പരിചരിക്കുകയും ആവശ്യമായ മരുന്നുകളും സാമഗ്രികളും നൽകുകയും ചെയ്തു വരുന്നു. 07.03.2019 ലെ സ.ഉ(സാധാ) നം.553/2019/ ത.സ്വ.ഭ.വ പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി തീരുമാന (നം. 5/19.04.2022) പ്രകാരം ലിജിമോൾ സി ജെ എന്നവരെ പാലിയേറ്റീവ് കെയർ നഴ്സായി ദിവസവേതനത്തിൽ (ഒരു ദിവസം 600 രൂപ) നിയമിച്ചിട്ടുണ്ട്.

എന്നാൽ ബില്ലുകൾ പ്രകാരം വീടുകളിലേക്ക് പാലിയേറ്റീവ് പരിചരണത്തിനായി പോയിട്ടുള്ള ദിവസത്തേക്കാൾ കൂടുതൽ ദിവസം പാലിയേറ്റീവ് കെയർ നഴ്സിന് ദിവസ വേതനം നൽകിയതായി കാണുന്നു. ഏതാനും ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം., തീയതി | മാസം | ബിൽ പ്രകാരം വീടുകളിലേക്ക് പാലിയേറ്റീവ് പരിചരണത്തിനായി പോയിട്ടുള്ള ആകെ ദിവസം | ബിൽ പ്രകാരം വേതനം നൽകാനായി കണക്കാക്കിയിട്ടുള്ള ആകെ ദിവസം | കൂടുതൽ നൽകിയ വേതനം |
|---|---|---|---|---|---|
| 1 | 01/04.07.2022 | ഏപ്രിൽ 2022 | 15 | 19 | 4x600 = 2400 |
| 2 | 02/14.07.2022 | മെയ് 2022 | 16 | 26 | 10x600 = 6000 |
| 3 | 03/04.08.2022 | ജൂൺ 2022 | 16 | 26 | 10x600 = 6000 |
| 4 | 04/06.09.2022 | ജൂലൈ 2022 | 16 | 26 | 10x600 = 6000 |
| കൂടുതൽ നൽകിയ ആകെ വേതനം | | | | | 20400 |

വീടുകളിലേക്ക് പാലിയേറ്റീവ് പരിചരണത്തിനായി പോയിട്ടുള്ള ദിവസത്തേക്കാൾ

കൂടുതൽ ദിവസം പാലിയേറ്റീവ് കെയർ നഴ്സിന് ദിവസ വേതനം നൽകുവാനുള്ള കാരണം വ്യക്തമല്ല.

2. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 2.9.2 പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) രണ്ട് മാസത്തിലൊരിക്കലോ, ആവശ്യാനുസരണമോ യോഗം ചേരേണ്ടതും പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ വിലയിരുത്തി പരിഹാര നടപടികൾ നിർദ്ദേശിക്കേണ്ടതും മെമ്പർ സെക്രട്ടറി അവതരിപ്പിക്കുന്ന ഓരോ മാസത്തേയും റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും അംഗീകരിക്കേണ്ടതുമാണ്.

എന്നാൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ മിനുട്സ് ബുക്ക് പരിശോധിച്ചതിൽ 2022-23 വർഷത്തിൽ 19.04.2022, 29.09.2022 എന്നീ ദിവസങ്ങളിൽ മാത്രമാണ് പി.എം.സി യോഗം ചേർന്നിട്ടുള്ളത്. പി.എം.സി യോഗങ്ങളിൽ ഓരോ മാസത്തേയും റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും അവതരിപ്പിക്കുകയോ കൃത്യമായ ഇടവേളകളിൽ പി.എം.സി യോഗങ്ങൾ ചേരുകയോ ചെയ്യുന്നില്ല.

3. താഴെ പറയുന്ന ബില്ലുകളുടെ അനുബന്ധ വൗച്ചറുകൾ പരിശോധനയ്ക്ക് നൽകിയില്ല.

| ക്രമ നം. | ബിൽ നം., തീയതി, തുക | റിമാർക്സ് |
|---|---|---|
| 1 | 26/02.03.2023, 150294 രൂപ | മരുന്നുകൾ ലഭ്യമാക്കുന്നതിനായി സപ്ലൈകോ മെഡിക്കൽ ഡിപ്പോയുടെ അക്കൗണ്ടിലേക്ക് (നം. 10810200019156) തുക മാറി നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകളുടെ ഇൻവോയ്സുകൾ, സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. |
| 2 | 35/25.03.2023, 51027 രൂപ | മരുന്നുകൾ ലഭ്യമാക്കുന്നതിനായി സപ്ലൈകോ മെഡിക്കൽ ഡിപ്പോയുടെ അക്കൗണ്ടിലേക്ക് (നം. 10810200019156) തുക മാറി നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകളുടെ ഇൻവോയ്സുകൾ, സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. |
| 3 | 38/25.03.2023, 85006 രൂപ | മരുന്നുകൾ ലഭ്യമാക്കുന്നതിനായി സപ്ലൈകോ മെഡിക്കൽ ഡിപ്പോയുടെ അക്കൌണ്ടിലേക്ക് (നം. 10810200019156) തുക മാറി നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകളുടെ ഇൻവോയ്സുകൾ, സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. |

| | | |
|---|---|---|
| 4 | 40/25.03.2023, 25010 രൂപ | പാലിയേറ്റീവ് കെയർ വണ്ടി വാടക, ഭക്ഷണം എന്നിവയ്ക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിലും ട്രിപ്പ് ഷീറ്റ്, ഭക്ഷണ ചെലവിന്റെ ഇൻവോയ്സുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. |

4. പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.04.2022 ലെ സ.ഉ(കൈ)നം. 84/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 22/04.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1. വീടുകളിലേക്ക് പാലിയേറ്റീവ് പരിചരണത്തിനായി പോയിട്ടുള്ള ദിവസത്തേക്കാൾ കൂടുതൽ ദിവസം പാലിയേറ്റീവ് കെയർ നഴ്സിന് ദിവസ വേതനം നൽകുവാനുള്ള കാരണം അറിയിക്കുന്നത് വരെ വേതന ഇനത്തിൽ കൂടുതൽ നൽകിയ 20400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. 07.03.2019 ലെ സ.ഉ(സാധാ) നം.553/2019/ത.സ്വ.ഭ.വ പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്തിലെ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. മരുന്നുകളുടെ ഇൻവോയ്സുകൾ, ആയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ, ട്രിപ്പ് ഷീറ്റുകൾ, ഭക്ഷണ ചെലവിന്റെ ഇൻവോയ്സുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ഈ ഇനത്തിലുള്ള 311337 (150294+51027+85006+25010) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

4. പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-40 പ്രവർത്തനം ആരംഭിക്കാത്ത ബഡ്സ് കൂളിലേക്ക് ആവശ്യകത വിലയിരുത്താതെ ഫർണ്ണീച്ചർ വാങ്ങി

| | |
|---|---|
| പ്രോജക്ട് നം., പേര് | 208/23, ബഡ്സ് കൂൾ ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | 300000/- രൂപ (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 298400/- രൂപ<br>1. ബിൽ നം. 23/22-23/18.03.2023 - 50000 രൂപ.<br>2. ബിൽ നം. 28/22-23/27.03.2023 - 248400 രൂപ. |
| നിർവഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

മേൽ പദ്ധതി പ്രകാരം തച്ചമ്പാറ ബഡ്സ് സ്കൂളിലേക്കാവശ്യമായ ഫർണ്ണിച്ചറുകളും കിച്ചൺ ഉപകരണങ്ങളും നടപടിക്രമങ്ങൾ പാലിച്ച് വാങ്ങിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഇൻവോയ്സ് നം./തീയതി | തുക (രൂപയിൽ) | വാങ്ങിയ സാധനങ്ങൾ |
|---|---|---|---|---|
| 1 | കെ പി എം എന്റർ പ്രൈസസ് | 65/ 16.03.2023 | 50000 | വിവിധ തരം പാത്രങ്ങൾ, ഇന്റക്ഷൻ കുക്കർ മുതലായ കിച്ചൺ ഉപകരണങ്ങളും മോബ്, ചൂൽ, വേസ്റ്റ് ബിൻ മുതലായ ക്ലീനിംഗ് ഉപകരണങ്ങളും |
| 2 | എ എച്ച് വുഡ് ഇൻഡസ്ട്രീസ് | 37/ 22.03.2023 | 148000 | ബെഞ്ച് & ഡെസ്ക് (8 Nos) |
| 3 | | 36/ 22.03.2023 | 29800 | ഓഫീസ് ടേബിൾ (2 Nos) |
| 4 | | 34/ 22.03.2023 | 55600 | അലമാറ (2 Nos) |
| 5 | | 35/ 22.03.2023 | 15000 | ഓഫീസ് ചെയർ വിത്ത് കുഷ്യൻ (2 Nos) |

2022-23 വർഷത്തെ തച്ചമ്പാറ ഗ്രാമപഞ്ചായത്ത് ഓഡിറ്റിന്റെ ഭാഗമായി എൽ എസ് ജി ഡി ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 05.10.2023, 03.00 PM ന് തച്ചമ്പാറ ഗ്രാമപഞ്ചായത്തിന് സമീപത്തുള്ള ബഡ്സ് സ്കൂൾ ഓഡിറ്റ് ടീം പ്രാദേശിക പരിശോധന നടത്തുകയുണ്ടായി.

ബഡ്സ് സ്കൂളിന്റെ പ്രാദേശിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. തച്ചമ്പാറ ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തി പൂർത്തീകരിച്ച "ബഡ്സ് സ്കൂൾ" കെട്ടിടം ബഹു. തച്ചമ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് 09.09.2020 ന് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും ബഡ്സ് സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചതായി കാണുന്നില്ല.

2. തച്ചമ്പാറ ബഡ്സ് സ്കൂളിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പുതന്നെ പദ്ധതി പ്രകാരം 298400 രൂപയുടെ ഫർണിച്ചറുകളും, പാത്രങ്ങൾ, ഇന്റക്ഷൻ കുക്കർ മുതലായ കിച്ചൺ ഉപകരണങ്ങളും മോബ്, ചൂൽ, വേസ്റ്റ് ബിൻ മുതലായ ക്ലീനിംഗ് ഉപകരണങ്ങളും വാങ്ങിയതിനാൽ, ആയത് സ്ഥാപനത്തിൽ ഉപയോഗ ശൂന്യമായി സൂക്ഷിക്കേണ്ട സാഹചര്യമാണുള്ളത്. മാത്രമല്ല ബഡ്സ് സ്കൂളിന്റെ കിച്ചൺ വർക്, പ്ലാസ്റ്ററിംഗ്, പെയിന്റിംഗ് എന്നിവ നടന്നുവരുന്നതായി പരിശോധനയിൽ കണ്ടു.

പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് ആവശ്യകത വിലയിരുത്താതെ ഫർണ്ണിച്ചറുകളും മറ്റ് ഉപകരണങ്ങളും വാങ്ങുവാനുള്ള കാരണം വ്യക്തമല്ല. കൂടാതെ ബഡ്സ് സ്കൂളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ സർവ്വേ നടത്തിയതിന്റെ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻകചയറിക്ക് (നം. 28/06.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

വാങ്ങിയ ഉപകരണങ്ങളും ഫർണിച്ചറുകളും ഫലപ്രദമായി ഉപയോഗിക്കാവുന്ന രീതിയിൽ തച്ചമ്പാറ ബഡ്സ് കൂളിന്റെ പ്രവർത്തനം കാലതാമസം കൂടാതെ ആരംഭിക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ക്ഷേമകാര്യ സ്റ്റാറ്റിംഗ് കമ്മിറ്റിയുടെ പ്രേത്യക ശ്രദ്ധക്ഷണിക്കുന്നു.

## 1-41 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ്

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു. സ.ഉ(എം.എസ്) 362/2013 ത.സ്വ.ഭ.വ തീയതി 16.11.2013 ലെ ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ ഭവന നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കുമെന്നും, 12 വർഷത്തേക്ക് കൈമാറ്റം ചെയ്യില്ലെന്ന് കരാറിൽ ഏർപ്പെടണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക 4 പ്രകാരം കരാർ ചമച്ച് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും, ഖണ്ഡിക 7 ൽ പ്രവൃത്തി നിർവ്വഹിക്കാത്ത പക്ഷം 12% പലിശ സഹിതം കൈപ്പറ്റിയ തുക തിരിച്ചടവാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചതിന്റെയും തുടർന്നുള്ള ഗഡുകൾ നൽകിയതിന്റെയും വിവരം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 33/06.10.2023) വി ഇ ഒ മറുപടി നൽകിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | കൈപ്പറ്റാൻ ബാക്കി നിൽക്കുന്ന തുക | അവസാനം തുക കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | ഫാത്തിമ മുഹമ്മദ്കുട്ടി, വട്ടപ്പറമ്പിൽ, മുരിങ്ങേനി | 200000 | 200000 | 02.11.2019 |
| 2 | ഷൈനി ജോയ്, എടാട്ട്, ചീനിക്കപ്പാറ | 40000 | 360000 | 18.07.2018 |
| 3 | ജമീല അബ്ദുൾ റസാക്ക്, കോല്ലോത്തും പടി, തച്ചമ്പാറ | 40000 | 360000 | 21.08.2018 |
| 4 | ബദറുന്നീസ ഹസ്സൻ, കോല്ലോത്തും പടി, തച്ചമ്പാറ | 40000 | 360000 | 18.07.2018 |
| 5 | റെയ്ച്ചൽ ഷാജി, താന്നിയിൽ, മുണ്ടനാട് | 40000 | 360000 | 27.09.2018 |
| 6 | ഷിജി ഹരിദാസ്, അമ്പാട്ട് വീട്, ഇഞ്ചിക്കുന്ന് | 360000 | 40000 | 30.07.2019 |
| 7 | ജുമൈല | 200000 | 200000 | 31.03.2021 |

| | | | | |
|---|---|---|---|---|
| | മുഹമ്മദലി, ഓട്ടുപാറ | | | |
| 8 | ആയിഷ മുഹമ്മദലി, ചിണ്ടമ്പറ്റ | 260000 | 140000 | 02.11.2019 |
| 9 | ശോഭന രാമചന്ദ്രൻ, തൊഴുത്തിങ്കൽ, തച്ചമ്പാറ | 360000 | 40000 | 09.11.2020 |
| 10 | ലീന ബിനോയ്, കുന്നേൽ, മുതുകുർശ്ശി | 360000 | 40000 | 17.03.2022 |
| 11 | അമ്മിണി കൃഷ്ണൻ, തോട്ടാശ്ശേരി | 200000 | 200000 | 17.03.2022 |
| 12 | ദിവ്യ ശിവദാസൻ, ഉള്ളിക്കഞ്ചേരി, മുതുകുർശ്ശി | 122840 | 277160 | 30.03.2023 |

ഓഡിറ്റ് നിർദ്ദേശം

1) നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഭവന നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് ബാക്കി നൽകുവാനുള്ള തുക അനുവദിക്കേണ്ടതാണ്.

3) ലൈഫ് പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾ യഥാസമയം വീട് പണിപൂർത്തീകരിക്കുന്നുണ്ടെന്ന് മോണിറ്ററിംഗ് കമ്മിറ്റികൾ/ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും, മോണിറ്ററിംഗ് റിപ്പോർട്ട് പദ്ധതികളുടെ ഫയലിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-42 പാലക്കയം മാവേലി സ്റ്റോർ -ഫർണിഷിംഗ് പ്രവൃത്തികൾക്ക് തുക നൽകിയത് അംഗീകരിക്കുന്നില്ല**

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പാലക്കയം മാവേലി സ്റ്റോർ ആരംഭിക്കൽ എന്ന പദ്ധതി നിർവഹണം നടത്തിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു

പ്രോജക്ട് നം. 37/23
അടങ്കൽ- 100000/- വികസന ഫണ്ട് ജനറൽ
ചെലവ്- 100000/-
ബിൽ നം., തിയ്യതി- 14/11.10.22

തച്ചമ്പാറ ഗ്രാമപഞ്ചായത്തിലെ പാലക്കയത്ത് രണ്ടാമത് മാവേലി സ്റ്റോർ ആരംഭിക്കാൻ അനുമതി കിട്ടിയ സാഹചര്യത്തിൽ ഫർണിഷിംഗ് ആവശ്യങ്ങൾക്കായി സപ്ലൈകോയുടെ മണ്ണാർക്കാട് താലൂക്ക് ഡിപ്പോയുടെ അക്കൗണ്ടിലേക്ക് (A/C No. 14090200002363) മേൽ പറഞ്ഞ ബിൽ നം. പ്രകാരം തുക നൽകിയിട്ടുണ്ട്. (UTR NO-RBI2852286440212)

മാവേലി സ്റ്റോറുകളുടെ പ്രവർത്തനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ചിട്ടപ്പെടുത്തുന്നതിനുള്ള 10.03.22 തിയ്യതിയിലെ സ.ഉ(സാധാ)നം.587/2022/LSGD ഉത്തരവിലെ ഖണ്ഡിക 4(ii) അനുസരിച്ച് മാവേലി

സ്റ്റോറുകളുടെ വാടക നൽകുവാൻ ആണ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അനുവാദം നൽകിയിട്ടുള്ളത്. സ.ഉ(സാധാ)നം.301/2013/LSGD തിയ്യതി 04.02.13, സ.ഉ(സാധാ)നം. 386/2019/LSGD തിയതി 22.02.2019 എന്നീ ഉത്തരവുകൾ ഭേദഗതി ചെയ്താണ് ഈ ഉത്തരവ് പ്രാബല്യത്തിൽ വന്നിരിക്കുന്നത്. ആയതിനാൽ സർക്കാർ മാർഗ്ഗ നിർദേശങ്ങൾക്ക് അനുസൃതമല്ലാതെ മാവേലി സ്റ്റോറിന്റെ ഫർണീഷിംഗ് പ്രവൃത്തികൾക്ക് നൽകിയ 100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാരിൽ നിന്നും സാധൂകരണ ഉത്തരവോ/പ്രത്യേക അനുമതി ഉത്തരവോ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന്( നം 17/04.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല .

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 25-9-2023 മുതൽ 06-10-2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 34971 | ലൈഫ് ഭവന നിർമ്മാണം (SCP) | 0 | 34971 |
| | 2019-20 | 4021 | സാന്ത്വന പരിചരണ പദ്ധതി | 0 | 4021 |
| | 2019-20 | 6824 | ലൈഫ് ഭവന പദ്ധതി | 0 | 6824 |
| | 2020-21 | 200000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 200000 |

| | | | | | |
|---|---|---|---|---|---|
| | 2019-20 | 144231 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 0 | 144231 |
| | 2017-18 നു മുമ്പുള്ള തുക | 51859 | ശ്മശാന നവീകരണം | 0 | 51859 |
| | 2021-22 | 68000 | സമഗ്ര നെൽകൃഷി | 68000 | 0 |
| | 2021-22 | 200000 | സാന്ത്വന പരിചരണം | 200000 | 0 |
| | 2021-22 | 960000 | ലൈഫ് ഭവനം – ജനറൽ | 960000 | 0 |
| | 2021-22 | 360000 | ലൈഫ് ഭവനം - എസ്.സി | 360000 | 0 |
| | 2021-22 | 130004 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 130004 | 0 |
| | 2021-22 | 100000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 100000 | 0 |
| പാലക്കാട് ജില്ല പഞ്ചായത്ത് | 2019-20 | 10747 | ലൈഫ് ഭവന പദ്ധതി | 0 | 10747 |
| | 2021-22 | 225000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 225000 | 0 |
| | 2021-22 | 50000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 50000 | 0 |
| | 2022-23 | 30000 | അഗതിരഹിത കേരളം പദ്ധതിക്കുള്ള ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 30000 |
| | | | | | 482653 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| ചെറുകിട ജലസേചന വകുപ്പ്, പാലക്കാട് | പ്രൊജക്ട് 163/23 റൂം ഫോർ റിവർ പദ്ധതി | 257/23 01.03.23 | 470400 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കെ.എസ്.ഇ.ബി തച്ചമ്പാറ | എംസിഎഫ് വൈദ്യുതി കരിക്കുന്നതിന് KSEBക്ക ഡെപ്പോസിറ്റ് ചെയ്ത തുക | 22200682/ 27.01.23 | 36076/- | പ്രോജക്ട് വെക്കാതെ തനതുഫണ്ടിൽ നിന്ന് നേരിട്ടു ചെലവഴിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

**4-5 വായ്പ / വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻവർഷങ്ങളിലെടുത്ത ലോണിൽ 20499545 രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 29469692 | 22800000 | 2300455* | - | 20499545 |

*മേൽ സൂചിപ്പിച്ച വിവരം ലോൺ രജിസ്റ്ററുമായി ഒത്തുപോകുന്നില്ല. യഥാർത്ഥത്തിൽ തിരിച്ചടച്ച തുക 2300455/- ആണ്. രജിസ്റ്റർ പ്രകാരം തിരിച്ചടക്കാൻ ബാലൻസ് നിൽക്കുന്ന തുക 2099545/- വാർഷിക ധനകാര്യ പത്രിക പ്രകാരം ബാലൻസ് നിൽക്കുന്ന തുക 20499545 വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

**4-6 സ്ഥിരനിക്ഷേപങ്ങൾ**

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 170038 രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം./ തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|---|---|
| 1 | 2021-22 | 3-1(1-38) | 1500 | 1220105210 09.03.2023 | ശ്രീമതി.അനിത, അസിസ്റ്റന്റ് സെക്രട്ടറി |
| 2 | 2021-22 | 1-23 | 170038 | 1220105449 | ശ്രീമതി.കണ്ണമ്മ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| | | ആകെ | 171538.00 | | |

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം**

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം |
|---|---|---|
| 2013-14 – | ഖ. 5.1 | ജലസ്രോതസ്സുകളും കുടിവെള്ള |

| | | |
|---|---|---|
| | | പദ്ധതികളും (പ്രത്യേക റിപ്പോർട്ട്) വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയില് |
| 2014-15 – | ഖ.2-2 | വസ്തു നികുതി (സമാഹൃത റിപ്പോർട്ട് 2016-17 അനുബന്ധം-4) |
| 2015-16 – | ഖ.2-1, 2-2 | തൊഴിൽ നികുതി (സമാഹൃത റിപ്പോർട്ട് 2016-17 അനുബന്ധം-5) |

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 7768283 |
| ഓഡിറ്റ് വർഷത്തെ വരവ് | 30711778 |
| ആകെ | 38480061 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 28556829 |
| നീക്കിയിരിപ്പ് | 9923232 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളില്ലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 547827/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | നഷ്ടോത്തരവാദിയുടെ പേര് |
|---|---|---|
| 1-31 | 116090 | ശ്രീമതി.സജിത.ടി.എസ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-39 | 331737 | ഡോ.അഞ്ജലി മാത്യു, മെഡിക്കൽ ഓഫീസർ, PHC |
| 1-42 | 100000 | ശ്രീമതി.ശ്രീദേവി അമ്മ.പി, സെക്രട്ടറി |
| ആകെ | 547827 | |

**ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 8486 | ശ്രീമതി.സജിത.ടി.എസ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| | 1692 | മുഹമ്മദ് റാഫത്ത്, അസി. എഞ്ചിനിയർ |
| ആകെ. | 10178 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഒന്നുമില്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഒന്നുമില്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ശ്രീദേവി അമ്മ. പി, സെക്രട്ടറി | സെക്രട്ടറി, ചെറുതന ഗ്രാമപഞ്ചായത്ത് | തായിപ്പിള്ളി വീട്, കൊറ്റൻ കുളങ്ങര, അവലൂകുന്ന് പോസ്റ്റ്, ആലപ്പുഴ-688006 |
| ശ്രീമതി.സുജിത.ടി.എസ്, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ കരിമ്പ ഗ്രാമപഞ്ചായത്ത് | പായങ്കുളം, മണിക്കശ്ശേരി പി.ഓ, കോങ്ങാട്,-678631 |
| ഡോ.അഞ്ജലി മാത്യു, മെഡിക്കൽ ഓഫീസർ, PHC | മെഡിക്കൽ ഓഫീസർ, PHC, തച്ചമ്പാറ ഗ്രാമപഞ്ചായത്ത് | ചെന്നത്തറ വീട്, ആർത്തുങ്കൽ പി.ഓ, ചേർത്തല, ആലപ്പുഴ-688530 |
| മുഹമ്മദ് റാഫത്ത്, അസി. എഞ്ചിനിയർ | അസി. എഞ്ചിനിയർ, തച്ചമ്പാറ ഗ്രാമപഞ്ചായത്ത്. | റഫുസ്, ചെട്ടിപ്പടി.പി.ഓ, നിയർ പി.എച്ച്.സി. നെടുവ്, മലപ്പുറം-676319 |

**4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | LFP4/50/02/22.01.02 | 9 |
| 1997-98 | LFP4/51/02/22.01.02 | 4 |
| 1998-99 | LFP9/681/04/18.08.04 | 7 |
| 1999-00 | LFP9/186/05/28.01.06 | 3 |
| 2000-01 | LFP9/180/07/14.02.08 | 7 |
| 2001-02 | LFP9/48/09/18.11.10 | 4 |
| 2002-03 | LFP9/48/09/20.12.10 | 1 |
| 2003-04 | LFP9/2180/13/30.12.13 | 3 |
| 2004-05 | LFP9/2181/13/30.12.13 | 4 |
| 2005-06 | LFP9/2182/13/30.12.13 | 4 |
| 2006-07 | LFP9/2183/13/30.12.13 | 12 |
| 2007-08 | LFP9/1797/13/13.12.13 | 7 |
| 2008-09<br>2009-10<br>2010-11 | LFP9/1722/12/ 10-10-2012 | 11 |
| 2011-12 | LFP9/308/14/21.03.14 | 10 |
| 2012-13 | LFP9/222/15/10.3.15 | 11 |
| 2013-14 & 2014-15 | നം.കെ.എസ്.എ-പികെഡി 9/ 1011/16 തീ.14-7-16 | 14 |
| 2015-16 | നം.കെ.എസ്.എ-പി.കെ.ഡി. 9-223/2017 തീ.8.2.2017 | 23 |
| 2016-17 | നം.കെ.എസ്.എ-പി.കെ.ഡി. 9- 1745/17 തീയതി- 13.11.17 | 11 |
| 2017-18 | നം.കെ.എസ്.എ-പി.കെ.ഡി. 9-454/2017 തീ.21.5.2019 | 21 |
| 2018-19 | നം.കെ.എസ്.എ-പി.കെ.ഡി. 9-121/2020 തീ.12-5-2020 | 15 |
| 2019-20 | നം.കെ.എസ്.എ-പി.കെ.ഡി. 9/20/2022 തീ. 16-02-2022 | 20 |
| 2020-21 | കെ.എസ്.എ.പി.കെ.ഡി . 9/21/22 /22-03-2022 | 40 |
| 2021-22 | KSA-PKD-P25-2165/22 ,07.01.23 | 41 |

തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 2/1 dated 24-07-2023 and submitted on 13-09-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thachampara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI’s management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thachampara Grama Panchayat for the year 2022-2023

**Date: 25/11/2023** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Thachampara Grama Panchayat for the Year 2022-2023.

### 1.Major Observations

1)non disclosure of asset
2) non disclosure of liability

### 2.Other Observations

1) Cash flow statement-Net increase/decrese in cash flow does not match with
the difference between the OB and the CB of cash and cash equivalents.
2)Advance register closing balance does not match with AFS.
3)GOVERNMENT/OTHER DUES registers, Joint venture project register not maintained.

4)Loan register Closing Balance does not match with AFS.
5)demand registers of various items do not match with AFS. Example Property tax(Sunchaya), Permit Fee register etc.
6)cheques deposited are not cleared uptodate.

7)All bank accounts not included in AFS.
8) closing balance of CFC basic grant in ACR is negative.
9)The following mandatory financial statements prescribed in accounting rules are not submitted for audit eg.Ratios, Notes to accounts.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3
# വാർഷിക ധനകാര്യപത്രിക

| | | | |
|---|---|---|---|
| | **Thachampara Grama Panchayat**<br>**INCOME & EXPENDITURE STATEMENT** | | |
| | **For the period from 01-April-2022 to 31-March-2023** | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4174207.00 |
| 120000000 | Assigned Revenues, Shared Taxes and Compensations<br>(BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 4000.00 |
| 140000000 | Fee & User Charges | I-4 | 699793.00 |
| 150000000 | Sale & Hire Charges | I-5 | 269959.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br>Subsidies | I-6 | 130158641.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 64018.00 |
| 180000000 | Other Income | I-9 | 514698.00 |
| 190000000 | Prior Period Income | I-19 | 66655.00 |
| | Total Income | | 135885316.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 10775306.00 |
| 220000000 | Administrative Expenses | I-11 | 737526.00 |
| 230000000 | Operations & Maintenance | I-12 | 1456005.00 |
| 240000000 | Interest & Finance Charges | I-13 | 24477.00 |
| 250000000 | Decentralised Plan Programme-Productive Sector /<br>Programme Expenses | I-14 | 8334410.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 23116927.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 8888663.00 |
| 253000000 | Decentralised Plan Programme-Projects not included in<br>Sector Division | I-14(C) | 34917966.00 |
| 254000000 | Expenditures of Transfered Institutions and State Sponsored<br>Schemes (not included under Decentralized Plan Programme) | I-14(D) | 44173400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 896216.00 |
| 260000000 | Grants, Contributions & Compensation from Own Fund /Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and<br>Investments | I-17 | 0.0 |

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 8805009.00 |
| | Total Expenditure | | 142125905.00 |
| | Gross Surplus / Deficit of income over Expenditure | | -6240589.00 |
| | Gross Surplus / Deficit of income over Expenditure | | -6294808.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 12436.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat<br><br>Fund) | | 54219.00 |

| | | | |
|---|---|---|---|
| | **Thachampara Grama Panchayat**<br>**RECEIPT & PAYMENT STATEMENT** | | |
| | For the period from 01-April-2022 to 31-March-2023 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 7644404.00 |
| Cash | Cash | RP-40(a) | 123879.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1019720.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3000.00 |
| 140000000 | Fees & User Charges | RP-4 | 554790.00 |
| 150000000 | Sale & Hire Charges | RP-5 | 269959.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 9054000.00 |
| 171000000 | Interest Earned | RP-9 | 64018.00 |
| 190000000 | Prior Period Income | RP-11 | 2700.00 |
| 254000000 | Expenditures of Transferred Institutions and State Sponsored<br>Schemes (not included under Decentralised Plan<br>Programme) | RP-19 | 0.0 |
| 311000000 | Earmarked Funds | RP-28 | 8485.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 14427401.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3214112.00 |
| 460000000 | Loans, Advances and Deposits | RP-49 | 612917.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 172469.00 |
| 340000000 | Deposits Received | RP-33 | 444376.00 |
| 350000000 | Other Liabilities | RP-35 | 863831.00 |
| | Grand total | | 38480061.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 17350.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 2125.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1157887.00 |
| 460000000 | Loans, Advances and Deposits | RP-49 | 1054096.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 49188.00 |
| 350000000 | Other Liabilities | RP-35 | 26276183.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 9923232.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 38480061.00 |

| | Thachampara Grama Panchayat<br>BALANCE SHEET | | |
|---|---|---|---|
| | As on 31-March-2023 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -22095636.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or<br>Agency Fund | B-2 | 298794.00 |
| 312000000 | Reserves | B-3 | 109974023.00 |
| | Total Reserve & Surplus | | 88177181.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7695705.00 |
| | Total Grants, Contributions for Specific Purposes | | 7695705.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 20499545.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 20499545.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 686690.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1395712.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2082402.00 |
| | TOTAL LIABILITIES | | 118454833.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 365606.00 |
| 412000000 | Capital Work in Progress | B-11(b) | 59999.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1237785.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 26435345.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 85278096.00 |
| 416000000 | Accumulated Depreciation | B-11(a) | -28086858.00 |
| | Total Fixed Assets | | 85289973.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 111897.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1321049.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 19739545.00 |
| 450000000 | Cash and Bank Balance | B-17 | 9923232.00 |
| 460000000 | Loans, Advances and Deposits | B-18 | 2069137.00 |
| 461000000 | Accumulated Provisions against Loans,Advances and<br>Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 33164860.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |

| | | |
|---|---|---|
| | Total Miscellaneous Expenditure (To the Extent not written off) | 0.0 |
| | TOTAL ASSETS | 118454833.00 |

Deputy Director